*(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)*

നം.കെ.എസ്.എ.കെ.കെ.ഡി.പി5/315/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഇ-മെയിൽ-dokkd.ksad@kerala.gov.in
ഫോൺ: 0495237101

തീയതി:16.03.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

**തുണേരി** ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : **തുണേരി** ഗ്രാമ പഞ്ചായത്ത്- 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തുണേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്ത് പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2) എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി.പി5/315/2020 തീയതി:16.03.2020

**കോഴിക്കോട് ജില്ലയിലെ തൂണേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയി ന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കോഴിക്കോട് ജില്ലയിലെ **തൂണേരി** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 19.01.2019 മുതൽ 29.02.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എം. വാസുദേവൻ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 02.03.2020 മുതൽ 09.03.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.കരുണാകരൻ എം<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീ.മോഹൻ കുരുന്നം മനക്കൽ<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീ. സുരേഷ് കുമാർ എസ്<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ജാസിർ സി.എം<br>ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.വളപ്പിൽ കുഞ്ഞമ്മത് | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ.അനിൽ കുമാർ.കെ. | 01.04.2018മുതൽ 04.05.2018വരെ |
| | ശ്രീ.ആർ.ഗോപിനാഥൻ അസി സെക്രട്ടറി-സെക്രട്ടറി ഇൻ ചാർജ് | 05.05.2018 മുതൽ 20.05.2018 വരെ |
| | ശ്രീ.അനിൽകുമാർ കെ. | 21.05.2018 മുതൽ 21.06.2018 വരെ |
| | ശ്രീ.ആർ.ഗോപിനാഥൻ അസി.സെക്രട്ടറി-സെക്രട്ടറി ഇൻ ചാർജ് | 22.06.2018 മുതൽ 03.07.2018 വരെ |
| | ശ്രീ.രാജശേഖർ പി.കെ | 04.07.2018 മുതൽ 13.08.2018 വരെ |
| | ശ്രീ.മുസ്തഫ ടി.പി | 13.08.2018 മുതൽ 31.03.2019 വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ആർ.ഗോപിനാഥൻ | 01.04.2018മുതൽ 31.03.2019 വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ.പി വിനോദ് കുമാർ | 01.04.2018 മുതൽ 31.03.2019 വരെ |
| 3 | മെഡിക്കൽ ഓഫീസർ–പി.എച്ച്.സി | ഡോ.അബ്ദുൾ സലാം എസ് | 01.04.2018 മുതൽ 31.03.2019 വരെ |

| | | | |
|---|---|---|---|
| 4 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.സൗമ്യവതി എൻ.കെ | 01.04.2018 മുതൽ 31.03.2019 വരെ |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.രേഖ.സി.എൽ | 01.04.2018 മുതൽ 09.10.2018 വരെ |
| | | ഡോ.സുഷാന്ത് സി.കെ | 09.10.2018 മുതൽ 25.12.2018 വരെ |
| | | ഡോ.രഞ്ജുഷ സി.കെ | 25.12.2018 മുതൽ 31.03.2019 വരെ |
| 6 | ഹെഡ് മാസ്റ്റർ | ശ്രീ.സി ഭാസ്കരൻ | 01.04.2018 മുതൽ 31.03.2019 വരെ |
| 7 | കൃഷി ഓഫീസർ | ശ്രീ.വി.കെ ഇബ്രായി | 01.04.2018 മുതൽ 31.03.2019 വരെ |
| 8 | വി ഇ ഒ | ശ്രീ.നിസാദ് പി.എം | 01.04.2018 മുതൽ 24.05.2018 വരെ |
| | | ശ്രീ.സലീൽ കുമാർ | 24.05.2018 മുതൽ 07.06.2018 വരെ |
| | | ശ്രീ.ജോണി | 07.06.2018 മുതൽ 01.08.2018 വരെ |
| | | ശ്രീ.ദയാകലൻ | 01.08.2018 മുതൽ 31.03.2019 വരെ |
| 9 | അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.അബ്ദുൾ റനീഷ് പി | 01.04.2018 മുതൽ 31.08.2018 വരെ |

| | | | |
|---|---|---|---|
| | | ശ്രീമതി.സനിഷ പി | 01.09.2018 മുതൽ 05.09.2018 വരെ |
| | | ശ്രീ. രതീഷ് രവീന്ദ്രൻ | 06.09.2018 മുതൽ 31.03.2019 വരെ |
| 10 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ബിന്ദു ടി.സി | 01.04.2018മുതൽ 30.04.2018 വരെ |
| | | ശ്രീമതി.ഷീന പി.വി | 01.05.2018 മുതൽ 01.07.2018 വരെ |
| | | ശ്രീമതി.അപർണ്ണ എം.പി | 01.07.2018 മുതൽ 31.03.2019 വരെ |
| 11 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.ശ്രീകാന്ത് എൻ | 01.04.2018 മുതൽ 05.09.2018 വരെ |
| | | ശ്രീ.മുഹമ്മദ് നവാസ്.പി | 05.09.2018 മുതൽ 05.12.2018 വരെ |
| | | ശ്രീമതി.അനുപമ സുഗതൻ | 05.12.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | **ഓഡിറ്റ് റിപ്പോർട്ട്** | |
| 1 | ബജറ്റ് | 1-1 |

| | | |
|---|---|---|
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>(റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ആഭ്യന്തര നിയന്ത്രണം | 1-6 |
| 7 | വാർഷിക കണക്കിലെ അപാകതകൾ | 1-7 |
| 8 | വ്യവസായങ്ങൾക്കും വ്യാപാര-ഫാക്ടറി സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് അപാകതകൾ | 1-8 |
| 9 | വസ്തു നികുതി-അപാകതകൾ | 1-9 |
| 10 | തൊഴിൽ നികുതി അപാകതകൾ | 1-10 |
| 11 | പകൽ വീട് നിർമ്മാണം പൂർത്തിയായിട്ടും പ്രവർത്തനം ആരംഭിച്ചിട്ടില്ല | 1-11 |
| 12 | കോസ്റ്റ് ഇൻഡക്സ് - പ്രാബല്യത്തിലുള്ള നിരക്കിനേക്കാൾ അധിക നിരക്ക് അനുവദിച്ചു | 1-12 |
| 13 | പെർഫോമൻസ് സെക്യൂരിറ്റി നിക്ഷേപം - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല. | 1-13 |
| 14 | തട്ടാറത്ത് പള്ളി - കട്ടോളി പാലം റോഡ് പരിഷ്കരണം രണ്ടാം ഘട്ടം - കരാറുകാരന് അധിക തുക നല്കി | 1-14 |
| 15 | മരാമത്ത് പ്രൊജക്ടുകളുടെ നിർവ്വഹണം, ഫയൽ സൂക്ഷിപ്പ് - അപാകതകൾ | 1-15 |

| | | |
|---|---|---|
| 16 | ഒരേ റോഡിന്റെ ഡബ്ല്യു. ബി.എം സോളിങ്ങ് പ്രവൃത്തിക്കായി ഒരേ വർഷം രണ്ട് പ്രൊജക്ടുകൾ | 1-16 |
| 17 | നെൽ കൃഷിക്ക് കൂലി ചെലവ് സബ്സിഡി – ആവശ്യമായ രേഖകൾ ലഭ്യമാക്കാതെ ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്തതും മറ്റ് അപാകതകളും. | 1-17 |
| 18 | സമഗ്ര തെങ്ങ് കൃഷിവികസന പദ്ധതി- പ്രൊജക്ട് നടത്തിപ്പിൽ അപാകത | 1-18 |
| 19 | ജലസേചനത്തിന് പമ്പ് സെറ്റ്- മാനദണ്ഡ പ്രകാരം അർഹതയില്ലാത്ത ഗുണഭോക്താവിന് പമ്പ് സെറ്റ് അനുവദിച്ചു. | 1-19 |
| 20 | കൃഷി ഓഫീസർ നിർവഹണം നടത്തിയ പ്രൊജക്ടുകൾ- ആവശ്യമായ രേഖകൾ ഹാജരാക്കിയില്ല. | 1-20 |
| 21 | പി.എച്ച്.സി ക്ക് ലാപ്ടോപ്പ്, പ്രൊജക്ടർ, അനുബന്ധ ഉപകരണങ്ങൾ - സർക്കാർ ഉത്തരവ് പ്രകാരമുള്ള വാങ്ങൽ നിബന്ധനകൾ പാലിച്ചില്ല | 1-21 |
| 22 | പെയിൻ ആന്റ് പാലിയേറ്റീവ് പ്രവർത്തനം - മുൻകൂറായി നല്കിയ മുഴുവൻ തുകയ്ക്കുള്ള മരുന്നും ലഭ്യമായില്ല. | 1-22 |
| 23 | ഗവ. ആയുർ വേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ- മുഴുവൻ മരുന്നുകൾ ലഭ്യമാവാത്തതും മറ്റ് അപാകതകളും | 1-23 |
| 24 | സെക്രട്ടറി നടപ്പിലാക്കിയ പ്രൊജക്ടുകൾ-വിനിയോഗ വിവരം ലഭ്യമാക്കിയില്ല. | 124 |
| 25 | ലഭ്യത പരിഗണിക്കാതെ പ്രൊജക്ടുകൾക്ക് തനതുഫണ്ട് വകയിരുത്തുന്നു. | 1-25 |

| | | |
|---|---|---|
| 26 | ചെലവഴിക്കാതെ അവശേഷിക്കുന്ന ജില്ല/ബ്ലോക്ക് പഞ്ചായത്ത് വിഹിതം തിരിച്ചടവാക്കിയില്ല. | 1-26 |
| 27 | പട്ടികജാതി വയോജനങ്ങൾക്ക് കട്ടിൽ- അർഹതയില്ലാത്തവർക്കും ആനുകൂല്യം വിതരണം ചെയ്തു. | 1-27 |
| 28 | എസ്.എസ്.എ.വിഹിതം നൽകൽ- സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടില്ല. | 1-28 |
| 29 | സർക്കാർ പ്രൈമറി സ്കൂളുകളിൽ പ്രഭാത ഭക്ഷണം-പ്രൊജക്ട് നടപ്പിലാക്കിയതിൽ വീഴ്ച | 1-29 |
| 30 | ക്ഷീര കർഷകർക്ക് അളക്കുന്ന പാലിന് ഇൻസന്റീവ്- പ്രൊജക്ടിന് ആവശ്യത്തിൽ കൂടുതൽ തുക വകയിരുത്തിയതിനാൽ ജില്ലാപഞ്ചായത്ത് വിഹിതം വിനിയോഗിക്കപ്പെട്ടില്ല. | 1-30 |
| 31 | മരാമത്ത് മേഖലയിലെ പ്രൊജക്ടുകൾ - അവലോകനം | 1-31 |
| 32 | പ്രവർത്തനക്ഷമമായ തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം ലഭ്യമല്ല – കെ.എസ്.ഇ.ബി യ്ക്ക് ഡിമാന്റ് അനുസരിച്ച് പണം ഒടുക്കുന്നു - പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 1-32 |
| 33 | പഞ്ചായത്തിലെ വിവിധ വാർഡുകളിൽ പ്രവർത്തനക്ഷമമായ പൊതു ടാപ്പുകളുടെ വിവരം ലഭ്യമല്ലാതെ കേരളാ വാട്ടർ അതോറിറ്റിക്ക് വാട്ടർ ചാർജ്ജ് ഒടുക്കുന്നു - പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 1-33 |
| 34 | ശമ്പളപരിഷ്കരണ കുടിശ്ശിക ജീവനക്കാരുടെ പി.എഫ് അക്കൗണ്ടിൽ ഒടുക്കൽ - ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടില്ല | 1-34 |

| | | |
|---|---|---|
| 35 | തെളിമയാർന്ന ത്തുണേരി | 1-35 |
| 36 | ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-36 |
| 37 | ലൈഫ് ഭവനപദ്ധതി -അവലോകനം | 1-37 |
| | **ഭാഗം 2**<br>**വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | **ഇല്ല** | |
| | **ഭാഗം 3**<br>**ചെലവ് -വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 38 | തട്ടാറത്ത് പള്ളി-കട്ടോളി പാലം റോഡ് പരിഷ്കരണം രണ്ടാം ഘട്ടം-കരാറുകാരന് അധിക തുക നല്കി | 3-1 |
| 39 | ജലസേചനത്തിന് പമ്പ് സെറ്റ് മാനദണ്ഡപ്രകാരം അർഹതയില്ലാത്ത ഗുണഭോക്താവിന് പമ്പ് സെറ്റ് അനുവദിച്ചു | 3-2 |
| 40 | പട്ടികജാതി വയോജനങ്ങൾക്ക് കട്ടിൽ- അർഹതയില്ലാത്തവർക്കും ആനുകൂല്യം വിതരണം ചെയ്തു. | 3-3 |
| | **ഭാഗം – 4**<br>**പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 41 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 42 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |

| | | |
|---|---|---|
| 43 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 44 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 45 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 46 | സ്ഥിര നിക്ഷേപം | 4-6 |
| 47 | ഓഡിറ്റ് റിക്കവറി | 4-7 |
| 48 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 49 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 50 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 51 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 52 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |


## ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

# 1-1 ബജറ്റ്

28.03.2018 തീയതിയിലെ നം-03(1)/2017-18 തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 11.01.2019 തീയതിയിലെ 16(3) തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

# 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 31.07.2019 | 15.05.2019 | -- | -- |

# 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 28,81,799.25 |
| വരവ് | 6,77,19,807 |
| ആകെ | 7,06,01,606.25 |
| ചെലവ് | 6,47,38,901 |
| നീക്കിയിരിപ്പ് | 58,62,705.25 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 12877000 | 12877000 | 12877000 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 896000 | 896000 | 896000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 69000 | 69000 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 7953000 | 7953000 | 7953000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 2780000 | 2780000 | 2780000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 7522409 | 7522409 | 7522409 | 0 |
| കെ.എൽ.ജി.എസ്.ഡി.പി | | 0 | 0 | 0 | 0 | 0 |
| ദുരിതാശ്വാസ നിധി | | | | | | |
| സാക്ഷരത | | 57335 | 2867 | 60202 | 0 | 60202 |
| എം.ജി.എൻ. ആർ.ഇ. ജി.എസ് | തൊഴിലാളി കളുടെ കൂലി | 0 | 34786889 | 34786889 | 34786889 | 0 |
| | അഡ്മിനി സ്ട്രേറ്റീവ് ചെലവ് | 2273.5 | 687516 | 689789.50 | 685988 | 3801.5 |
| **കേന്ദ്രാവിഷ്കൃത ഫണ്ടുകൾ** | | | | | | |
| ഐ.സി.ഡി.എസ് | | 596038 | 390375 | 986413 | 500000 | 486413 |
| 'ടോട്ടൽ സാനിറ്റേഷൻ ക്യാംപയിൻ | | 18350 | 0 | 18350 | 0 | 18350 |
| ശുചിത്വ മിഷൻ ഗ്രാന്റ് | | 238420 | 1493992 | 1732412 | 367766 | 1364646 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 200000 | 965000 | 1165000 | 1066933 | 98067 |
| | ജില്ലാ പഞ്ചാ യത്ത് | 231250 | 1613806 | 1845056 | 1696989 | 148067 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 9257607 | 9257607 | 9257607 | 0 |
| തനത് ഫണ്ട് | കനറ ബാങ്ക് -എസ്.ജി. | 52606 | 1865 | 54471 | 0 | 54471 |

| | | | | | | |
|---|---|---|---|---|---|---|
| | ആർ.വൈ | | | | | |
| | എസ്.എം. ജി.ബി -ഒ.എ.പി | 50272 | 2039 | 52311 | 118 | 52193 |
| | സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് തനത് ഫണ്ട് | 2978203.75 | 8957254 | 11935457.75 | 7208167 | 4727290.75 |
| | എസ്.ബി.ഐ ഇ-പേയ്മെന്റ് | 1197 | 96125 | 97322 | 649 | 96673 |
| | ട്രഷറി സ്പെഷ്യൽ ടി.എസ് .ബി ജോയിന്റ് വെഞ്ചർ | -(378750) | 3592672 | 3213922 | 2967788 | 246134 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 178 | 85195948 | 153 | 51775389 | 12 | 23 | 85 |

വകയിരുത്തിയ തുകയുടെ **61** ശതമാനം മാത്രമാണ് ചെലവെങ്കിലും പദ്ധതി വിഹിതം, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയിൽ ശരാശരി **94%** വും മെയിന്റനൻസ് ഗ്രാന്റ് റോഡ്, നോൺ

– റോഡ് ഇനങ്ങളിൽ 83 % വും ചെലവ് നടത്തി പഞ്ചായത്ത് പദ്ധതി പ്രവർത്തനങ്ങൾ മികച്ച പ്രകടനം കാഴ്ച വെച്ചിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കേണ്ട പല പ്രോജക്ടുകളുടെയും ഈയിനത്തിലുള്ള ചെലവ് ഐ.കെ.എം ചെലവ് പത്രികയിൽ ചെലവ് രേഖപ്പെടുത്താത്തതാണ് ചെലവ് ശതമാനം കുറയാൻ ഒരു കാരണം. കൃഷി ഓഫീസർ, വിവിധ മെഡിക്കൽ ഓഫീസർമാർ, വെറ്റിനറി സർജൻ, ക്ഷീര വികസന ഓഫീസർ എന്നിവർ പദ്ധതി പ്രവർത്തനത്തിൽ നല്ല പ്രവർത്തനം കാഴ്ച വെച്ചിട്ടുണ്ട്.

## 1-6 ആഭ്യന്തര നിയന്ത്രണം-പോരായ്മകൾ പരിഹരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടത് അനിവാര്യമാണ്.

1. ഗ്രാമപഞ്ചായത്തിലെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, മാസാന്ത്യ വരവ് ചെലവുകൾ പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. കൂടാതെ വസ്തുനികുതി സംബന്ധിച്ച് 100% പിരിവ് ഉറപ്പുവരുത്തുന്നതിന് ഇടപെടലുകൾ നടത്തിയിട്ടുമുണ്ട്. എന്നാൽ തൊഴിൽ നികുതി, ഡി&ഒ ലൈസൻസ് തുടങ്ങിയ വരവിനങ്ങളുടെ കാര്യത്തിൽ വേണ്ടത്ര വിലയിരുത്തലുകൾ നടത്തി ഗ്രാമപഞ്ചായത്ത് പരിധിയിലെ എല്ലാ സ്ഥാപനങ്ങളെയും ഡിമാന്റിൽ ഉൾപ്പെടുത്തുന്നതിന് കമ്മിറ്റി ശ്രമം നടത്തിയിട്ടില്ല. പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നുംതന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല.

2. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണ രീതി ആരംഭിക്കുന്നതിനു പകരം ഒരേ സാധനങ്ങൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പല പ്രൊജക്ടുകൾ മുഖേന പലപ്പോഴായി വാങ്ങുന്ന രീതി ഗ്രാമപഞ്ചായത്ത് അവലംബിച്ചു കാണുന്നു. വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റേയും അന്തിമമാക്കുന്നതിന്റേയും പ്രധാന ചുമതല പ്രൊക്യൂർമെന്റ് ടീമിനാണ്. പ്രൊക്യൂർമെന്റ് ടീമിനെ നയിക്കേണ്ടതും ടീമിന്റെ മേൽനോട്ടം വഹിക്കേണ്ടതും പ്രൊക്യൂർമെന്റ് കമ്മിററിയാണ്. എന്നാൽ വാങ്ങലുകൾ നടത്തുന്നതിനായി കമ്മററി നിർവ്വഹണ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്.

3. ധനമാനേജ്മെന്റിന്റെ അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥർ സമർപ്പിച്ച പ്രൊപ്പോസലുകളും ആയതിനെ അടിസ്ഥാനമാക്കി വിവിധ സ്റ്റാൻഡിംഗ് കമ്മിററികൾ തയ്യാറാക്കിയ ബജററ് നിർദ്ദേശങ്ങളും ഉൾക്കൊള്ളുന്ന ബജററ് ഫയൽ തയ്യാറാക്കിയിട്ടില്ലെന്നു കാണുന്നു. ഓരോ വർഷവും മാർച്ച് ആദ്യവാരത്തിനു മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

ബജറ്റ് ഭരണസമിതിയിൽ അംഗീകാരത്തിനായി വയ്ക്കേണ്ടതാണ്. നിയമപ്രകാരമുള്ള സമയക്രമം പാലിക്കുന്നതിൽ വീഴ്ച വരുത്തികാണുന്നു.

4. പഞ്ചായത്തിൽ ക്രമവൽക്കരണ അപേക്ഷകൾ അധികമായി വരുന്നുണ്ടെങ്കിലും അനധികൃത നിർമ്മാണ രജിസ്റ്റർ തയ്യാറാക്കാത്തത് തുടർനടപടി നിരീക്ഷിക്കാനുള്ള സാധ്യത ഇല്ലാതാക്കുന്നു.
5. നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിശ്ചിതമായ ഒരു നടപടിക്രമം സ്ഥാപനം പാലിക്കുന്നില്ല. ഇതുമൂലം വലിയ അളവിൽ വരുമാനനഷ്ടം സ്ഥാപനത്തിനുണ്ടാകുന്നുണ്ട്.(ഖണ്ഡിക 1-8 കാണുക)
6. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ വീഴ്ചവരുത്തിയിട്ടുണ്ട്.
7. ഓഫീസ് ഓർഡർ പരിശോധിച്ചതിൽ ജീവനക്കാർക്ക് സെക്ഷൻ ക്രമത്തിൽ ജോലി വിഭജനം നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഓഫീസ് മീറ്റിംഗുകൾ യഥാസമയം വിളിച്ചു ചേർക്കുന്നതിലും വീഴ്ച ഉണ്ടായിട്ടുണ്ട്. ഭൂരിഭാഗം വൌച്ചറുകളും പ്രസിഡന്റ് പരിശോധിച്ച് ആധികാരികമാക്കിയിട്ടുണ്ട്. ഓഫീസ് പ്രവർത്തനം വിലയിരുത്തുന്നതിൽ സൂപ്പർവൈസറി തലത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്.

മേൽ അപാകതകൾ പരിഹരിക്കുന്നതിനായി താഴെ പറയുന്ന ക്രമീകരണങ്ങൾ നിയന്ത്രണ സംവിധാനങ്ങളിൽ വരുത്തേണ്ടതുമാണ്.

എ) നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

ബി) കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, ഡി&ഒ ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമ ലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ഓഫീസ് ഉത്തരവ് മുഖേന ഫീൽഡ് സ്ററാഫിനെ ഏല്പിക്കേണ്ടതും, റിപ്പോർട്ടുകൾ ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

സി) വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതും ഇതിനായി എല്ലാ യോഗങ്ങളിലും സ്ഥിരം അജണ്ടയായി ഇത് സ്വീകരിക്കാവുന്നതുമാണ്.

ഡി) സ്റ്റാന്റിംഗ് കമ്മിറ്റികൾ അവയിൽ നിക്ഷിപ്തമായ ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഇ) പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

എഫ്) ഓഫീസ് തല മീറ്റിംഗുകൾ യഥാസമയം വിളിച്ചു ചേർത്ത് ഓഫീസ് പ്രവർത്തന പുരോഗതി

വിലയിരുത്തേണ്ടതാണ്.

## 1-7 വാർഷിക കണക്കിലെ അപാകതകൾ

തുണേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
2. കേന്ദ്ര – ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ എ.സി.ആർ പ്രകാരം വരവ്-ചെലവ് 76,72,409/- രൂപയാണ്. എന്നാൽ വാർഷിക കണക്ക് റസീറ്റ് & പേയ്മെന്റ് പ്രകാരം വരവ്-ചെലവ് 75,22,409/- രൂപയാണ്.
3. പഞ്ചായത്ത് നൽകിയിട്ടുള്ളതും 3 മാസത്തിലധികമായി ക്യാഷ് ചെയ്യാത്തതുമായ ചെക്കുകളെ Liability in respect of stale cheque എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല. ഇത്തരത്തിൽ 1821/- രൂപ പ്രസ്തുത ശീർഷകത്തിലേയ്ക്ക് മാറ്റാനുണ്ട്.
4. കെ.യു.ആർ.ഡി.എഫ്.സി ലോൺ ഇനത്തിൽ സാമ്പത്തിക വർഷം ലഭ്യമായ 1,07,77,494/- രൂപ സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത തുക പ്രീ പെയ്ഡ് പ്രോഗ്രാം എക്സ്പെൻസസിൽ (440500101) R.P-45 എന്ന ഹെഡിൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ല.
5. 2017-18 ലെ പ്രോപ്പർട്ടി ടാക്സ് ഇനത്തിലെ അഡ്വാൻസ് തുക 13,362/- രൂപയാണ്. 2018-19 ലെ ബുക്ക് അഡ്ജസ്റ്റ്മെന്റ് തുക 38,375/- രൂപയും അഡ്വാൻസ് ഇനത്തിൽ കളക്ഷൻ തുക 10823/- രൂപയുമാണ്. എന്നാൽ 2018-19 ബാലൻസ് ഷീറ്റിൽ ഷെഡ്യൂൾ-ബി-9 പ്രകാരം അഡ്വാൻസ് കളക്ഷൻ ഇനത്തിൽ ബാലൻസ് തുക 10824/- രൂപയാണ്. പ്രോപ്പർട്ടി ടാക്സ് ഇനത്തിലെ 2017-18 ലെ ബാലൻസ് ഷീറ്റിലെ അഡ്വാൻസ് ഇനത്തിലെ തുകയും 2018-19 ലെ ബുക്ക് അഡ്ജസ്റ്റ്മെന്റ് തുകയും തമ്മിൽ വ്യത്യാസം നിലനില്ക്കുന്നു.
6. വാർഷിക കണക്ക് പ്രകാരം സ്ഥിരം ആസ്തികൾക്ക് ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് എത്ര ശതമാനമാണെന്നോ ആസ്തികളുടെ ബുക്ക് വാല്യൂ എത്രയാണെന്നോ സംബന്ധിച്ച് വിവരങ്ങളൊന്നും സ്ഥാപനത്തിൽ ലഭ്യമല്ല.
7. അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട എക്കൌണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിട്ടില്ല.

## 1-8 വ്യവാസായങ്ങൾക്കും വ്യാപാര-ഫാക്ടറി സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകുന്നതിലെ അപാകതകൾ

1)ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (വ്യവാസായങ്ങൾക്കും വ്യാപാര-ഫാക്ടറി സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ്) ചട്ടങ്ങളിലെ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള

അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസം മുമ്പായി സമർപ്പിക്കേണ്ടതാണ്. കൂടാതെ, ചട്ടം 8 പ്രകാരം ഏതൊരു ലൈസൻസിന്റേയും കാലാവധി ആ സാമ്പത്തിക വർഷം അവസാനിക്കുന്നതും, അല്ലാത്ത പക്ഷം ലൈസൻസിന്റെ കാലാവധി ഒരു മുൻ തീയതിയിൽ അവസാനിക്കണമെന്ന് പ്രസിഡന്റ് പ്രത്യേക കാരണങ്ങളാൽ കരുതുകയാണെങ്കിൽ അതിൽ പ്രത്യേകം പറയാവുന്ന മുൻ തീയതിയിൽ അവസാനിക്കുന്നതുമാകുന്നു.

2018-19 വർഷത്തിൽ തൂണേരി ഗ്രാമപഞ്ചായത്തിലെ ലൈസൻസ് പുതുക്കുന്നതിനായുള്ള അപേക്ഷകളും രജിസ്റ്ററും പരിശോധിച്ചതിൽ, 264 സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനും, പുതിയ ലൈസൻസിനുമായി അപേക്ഷിച്ചിട്ടുണ്ട്. മേൽ ചട്ടം പ്രകാരം ഗ്രാമപഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എല്ലാം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ 2018 ഫെബ്രുവരി മാസത്തിൽ തന്നെ നൽകേണ്ടതായിരുന്നു. ഇവയിൽ 101 എണ്ണം മാത്രമാണ് പുതുക്കുന്നതിനുള്ള അപേക്ഷ ഫെബ്രുവരിയിൽ നൽകിയത്. ബാക്കി സ്ഥാപനങ്ങൾ ഏപ്രിൽ മുതൽ മാർച്ച് വരെയുള്ള മാസങ്ങളിലായാണ് ലൈസൻസ് പുതുക്കിയിട്ടുള്ളത്. മാർച്ച് മാസം മുതൽ ലൈസൻസ് പുതുക്കിയത് വരെ ഈ സ്ഥാപനങ്ങൾ നിയമ വിരുദ്ധമായിട്ടാണ് പ്രവർത്തിച്ചത്.

2)<u>മുതൽ മുടക്കിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ ഈടാക്കുന്നതിലെ അപാകതകൾ</u>

31.10.2017 ലെ ജി.ഒ (പി)80/2017/തസ്വഭവ ആയി സർക്കാർ ലൈസൻസ് ചട്ടങ്ങളിൽ ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചതിനനുസരിച്ച് മുതൽ മുടക്കിന്റെ അടിസ്ഥാനത്തിലാണ് ഭരണ സമിതി തീരുമാന പ്രകാരം ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ ലൈസൻസ് ഫീ ഈടാക്കുന്നത്. ഇത് പ്രകാരം ഗ്രാമപഞ്ചായത്തിൽ ഉൽപ്പാദന-സേവന മേഖലയിൽ മുതൽ മുടക്കിന്റെ അടിസ്ഥാനത്തിൽ വിവിധ സ്ലാബുകളിൽ തുകകൾ ക്രമീകരിച്ച് ലൈസൻസ് ഈടാക്കുന്നുവെങ്കിലും അവ കൃത്യമായി കണക്കാക്കുന്നതിലും സ്ഥാപനത്തിന്റെ ഭാഗത്ത് നിന്നും അപാതകതൾ നിലനിൽക്കുന്നു. ഉദാ-ലൈസൻസ് നം-211/18-19 ആയി അനുവദിച്ച ശ്രീ.നിയാസ് പി.നസീഗർ, ചിറക്കര & കെ.അബൂബക്കർ പുതിയ പുരയിൽ കടവത്തൂർ എന്നിവരുടെ ഉടമസ്ഥതയിലുള്ള പാർക്കോ ലൈറ്റ്സ് എന്ന സ്ഥാപനത്തിന് (ഇലക്ട്രിക്കൽ ഫാൻസി ലൈറ്റ്-ഫർണ്ണിച്ചർ ഷോറൂം)ലൈസൻസ് ഫീ 1000/- രൂപയാണ് ഈടാക്കിയത്.

വ്യത്യസ്ത തുകകൾ മുതൽമുടക്കിയ ചെറുകിട സ്ഥാപനങ്ങൾക്ക് ഒരേ ലൈസൻസ് ഫീ ഈടാക്കിയതായും കാണുന്നു.

3)<u>ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.</u>

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഫീൽഡ് പരിശോധനയിലൂടെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ഇത് കാരണം ഗ്രാമപഞ്ചായത്തിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരം ലഭ്യമല്ല.

4)<u>ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.</u>

ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം 31.03.2019 ന് വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 1157 (11 വേക്കൻസി റെമിഷൻ) കെട്ടിടങ്ങൾ ഉണ്ടായിരിക്കെ 2018-19 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ 264 പേർ മാത്രമാണ് ഡി&ഒ

ലൈസൻസ് എടുത്തിട്ടുള്ളത് (399 കെട്ടിടങ്ങളിൽ). നിലവിൽ ധാരാളം പേർ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി ഈ കെട്ടിടങ്ങൾ ഉപയോഗിക്കുവാനുള്ള സാധ്യത നിലനിൽക്കുന്നുണ്ട് എന്ന കാര്യം വ്യക്തമാണ്. പഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുന്ന അവസ്ഥയാണ് ഉള്ളത്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ വാർഡ് തലത്തിൽ പരിശോധന നടത്തി കണ്ടെത്തി നടപടി സ്വീകരിക്കേണ്ടതാണ്.

**5)ഫീൽഡ് അന്വേഷണ റിപ്പോർട്ട് അപൂർണ്ണം**

ലൈസൻസ് അപേക്ഷകളിൽ ഹെൽത്ത് ഇൻസ്പെക്ടർ ഫീൽഡ് അന്വേഷണം നടത്തിയതിന് ശേഷം ലൈസൻസ് ഫയലുകൾ ഗ്രാമപഞ്ചായത്തിൽ തിരികെ ഏൽപ്പിക്കുകയാണ് ചെയ്യുന്നത്. സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണ സൗകര്യങ്ങൾ, ഹോട്ടലുകൾ, കൂൾ ബാറുകൾ എന്നിവയിൽ നിന്നും ജല പരിശോധന റിപ്പോർട്ട് എന്നിവ ഉൾക്കൊള്ളിക്കാതെ അപൂർണ്ണമായ അന്വേഷണ റിപ്പോർട്ടാണ് ഗ്രാമപഞ്ചായത്തിൽ തിരികെ നൽകുന്നത്.

മേൽ പരാമർശിച്ച അപാകതകൾ പരിഹരിക്കുന്നതിന്, കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205.ബി പ്രകാരം (തൊഴിൽ നികുതി) വാണിജ്യ-വ്യവസായാവശ്യങ്ങൾക്കുള്ള മുഴുവൻ കെട്ടിടങ്ങളുടെ ഉടമകൾക്കും നോട്ടീസ് നൽകി വിവരശേഖരണം നടത്തിയും, ഫീൽഡ് തല അന്വേഷണത്തിലൂടെയും ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും, 1996 ലെ കേരള പഞ്ചായത്ത് രാജ് (സംരംഭങ്ങൾക്കുള്ള ലൈസൻസ് നൽകൽ) ചട്ടങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു എന്നത് ഉറപ്പ് വരുത്തേണ്ടതുമാണ്.

# 1-9 വസ്തു നികുതി-അപാകതകൾ

സ്ഥാപനത്തിലെ വസ്തു നികുതിയുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ, അനുബന്ധ ഫയലുകൾ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

**1.ഘടനാപരമായി മാറ്റം വരുത്തിയ കെട്ടിടങ്ങൾക്ക് നികുതി പുനർനിർണ്ണയിച്ചിട്ടില്ല.**

ഗ്രാമപഞ്ചായത്തിൽ 2013-14 വർഷത്തിലാണ് കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തി സഞ്ചയ സോഫ്റ്റ്വെയറിൽ ഡാറ്റാ എൻട്രി നടത്തി നികുതി പുനർ നിർണ്ണയിച്ചിട്ടുള്ളത്. 2013-14 ന് ശേഷം ഫീൽഡ് പരിശോധന നടത്തി ഘടനാപരമായി മാറ്റം വരുത്തിയ കെട്ടിടങ്ങൾ കണ്ടെത്തി അത്തരം കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. ഇത് കാരണം നികുതി നഷ്ടം സംഭവിക്കുന്നു.

മേല്പറഞ്ഞ അപാകതകൾ നിലനിൽക്കേ ഇക്കാര്യങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽ വന്നിട്ടില്ലെന്ന് മിനിട്സ് സാക്ഷ്യപ്പെടുത്തുന്നു. വസ്തുനികുതിയുടെ കാര്യത്തിൽ പിരിവ് 100% ആക്കാനുള്ള നിർദ്ദേശങ്ങളും ഇടപെടലുകളും മാത്രമാണ് ഉണ്ടായിട്ടുള്ളത്.

**2. പെർമിറ്റ് രജിസ്റ്ററിൽ പൂർണ്ണമായ രേഖപെടുത്തലുകളില്ല. അനധികൃത നിർമ്മാണ സാധ്യത നിരീക്ഷിക്കുന്നില്ല.**

സ്ഥാപനത്തിൽ പെർമിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കെട്ടിടങ്ങൾ നിർമ്മാണം പൂർത്തീകരിക്കുമ്പോഴോ പുതുക്കുമ്പോഴോ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല(ചില പെർമിറ്റുകളുടെ കാര്യത്തിൽ മാത്രം പൂർത്തീകരണം രേഖപ്പെടുത്തിയിട്ടുണ്ട്). ഇതുകൊണ്ട് തന്നെ

പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുകയോ പുതുക്കുകയോ ചെയ്യാത്ത പെർമിറ്റുകൾ നിരീക്ഷണ വിധേയമാക്കാനോ അനധികൃത നിർമ്മാണമുണ്ടെങ്കിൽ നടപടികൾ സ്വീകരിക്കാനോ കഴിയുന്നില്ല. നിലവിലുള്ള കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലിനുള്ള പെർമിറ്റുകളുടെ കാര്യത്തിൽ പ്രത്യേകിച്ചും പൂർത്തീകരണ വിവരം ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടത് കെട്ടിട ഉടമയെ സംബന്ധിച്ച് അത്യാവശ്യമായ കാര്യമല്ലാത്തതിനാൽ കംപ്ലീഷൻ പ്ലാൻ സമർപ്പിക്കണമെന്നില്ല. എന്നാൽ സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം പഴയ നിരക്കിൽ കണക്കാക്കിയ നികുതിക്കു പകരം കെട്ടിടത്തിനു മുഴുവൻ പുതിയ നിരക്കിൽ നികുതി കണക്കാക്കി ഈടാക്കാനുള്ള സാധ്യതയുണ്ടാകുന്നു. ഇത്തരം കെട്ടിടങ്ങളുടെ കാര്യത്തിൽ പെർമിറ്റ് കാലാവധിക്കു ശേഷം സൈറ്റ് പരിശോധന നടത്തിയാൽ മാത്രമാണ് നിജസ്ഥിതി കണ്ടെത്താനാവുക. രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ ഇത്തരം പരിശോധന നടത്തപ്പെടാത്തതും നികുതി ഇനത്തിൽ വൻതുക സ്ഥാപനത്തിന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയുമാണ്. അനധികൃത നിർമ്മാണ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ ലഭ്യമല്ല.

അപാകതകൾ ഒഴിവാക്കുന്നതിനായി താഴെ പറയുന്ന പരിഹാരനടപടികൾ നടപ്പിലാക്കേണ്ടതാണ്.

1. സ്ഥാപന പരിധിയിൽ നിർമ്മിക്കപ്പെട്ട മുഴുവൻ കെട്ടിടങ്ങളും ഡിമാന്റിലോ, നിയമ വിധേയമല്ലാത്തവ അനധികൃത നിർമ്മാണത്തിന്റെ രജിസ്റ്ററിലോ ഉൾപ്പെടുത്തുന്നതിനായി ഓരോ വാർഡിലും വാർഡിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനെ ഉപയോഗപ്പെടുത്തി വിശദമായ പരിശോധന നടത്തേണ്ടതാണ്. പരിശോധനയിൽ കണ്ടെത്തുന്ന കണക്കിൽപ്പെടാത്ത കെട്ടിടങ്ങളും കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലുകളും റഗുലറൈസ് ചെയ്യാൻ പറ്റുന്നവ അപ്രകാരം ചെയ്ത് ഡിമാന്റിലും അല്ലാത്തവ അനധികൃത നിർമ്മാണത്തിന്റെ രജിസ്റ്ററിലും ഉൾപ്പെടുത്തേണ്ടതാണ്. പരിശോധനയിൽ പഴയ കെട്ടിടങ്ങളുടെ അസസ്മെന്റിലെ വിവരങ്ങളുമായി നിലവിലെ അവസ്ഥ താരതമ്യം ചെയ്യേണ്ടതും കൂട്ടിച്ചേർക്കലുകളുണ്ടെങ്കിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
2. മേൽ പരിശോധനാ ഫലവും നാളിതുവരെയുള്ള ന്യൂ ബിൽഡിംഗ് കൺസ്ട്രക്ഷൻ രജിസ്റ്ററും അടിസ്ഥാനപ്പെടുത്തി പെർമിറ്റ് രജിസ്റ്റർ കാലികമാക്കി മാറ്റേണ്ടതും, കാലാവധിക്കുള്ളിൽ പൂർത്തീകരണ വിവരമോ പുതുക്കലോ ഇല്ലാത്ത പെർമിറ്റുകളുടെ നിജസ്ഥിതി ഇനി മുതൽ പരിശോധിച്ച്, ആവശ്യമുള്ളവയുടെ കാര്യത്തിൽ തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്.
3. അനധികൃത നിർമ്മാണം റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വമുള്ള ഫീൽഡ് സ്റ്റാഫ് അതനുസരിച്ചുള്ള കൃത്യ നിർവ്വഹണം നടത്തുന്നുണ്ടോയെന്ന് മേലുദ്യോഗസ്ഥനും സ്ററാന്റിംഗ് കമ്മിറ്റിയും ഉറപ്പുവരുത്തേണ്ടതുമാണ്.
4. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മേൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടതും, ആവശ്യമായ വിലയിരുത്തലുകളും നിർദ്ദേശങ്ങളും ഇടപെടലുകളും പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിൽ നടത്തേണ്ടതുമാണ്.

## 1-10 തൊഴിൽ നികുതി അപാകതകൾ

i) <u>രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പിലെ അപാകതകൾ</u>

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205ഐ പ്രകാരം, ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഡിമാൻഡ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയ ട്രേഡേഴ്സ് ലിസ്റ്റിൽ നിന്നും വിവരങ്ങൾ ചേർത്താണ് ഇപ്രകാരം ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കേണ്ടത്. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാത്തതിനാൽ 2018-19 സാമ്പത്തിക വർഷത്തെ കച്ചവടക്കാരുടെ തൊഴിൽ നികുതി ഇനത്തിലെ ഡിമാന്റ്, കളക്ഷൻ എന്നിവയുടെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

2)<u>അർദ്ധവാർഷിക വരുമാന പത്രികകളിൽ ശമ്പളത്തിന്റെ വിവരങ്ങൾ പൂർണ്ണമല്ല</u>

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 204, 205 വകുപ്പുകളിലേയും 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരം തൊഴിൽ നികുതി നൽകാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരുടെയും 6 മാസത്തെ വരുമാനം നിർണ്ണയിച്ചു കാണിക്കുന്ന പട്ടിക പ്രകാരമായിരിക്കണം അർദ്ധവാർഷിക വരുമാന പത്രിക സമർപ്പിക്കേണ്ടത്. അടിസ്ഥാന ശമ്പളം, ക്ഷാമ ബത്ത, സ്പെഷ്യൽ പേ, അവധി വേതനം, ഉത്സവ ബത്ത, മറ്റു അലവൻസ് എന്നിവയുടെ ആറ് മാസത്തെ ആകെ തുക അർദ്ധവാർഷിക വരുമാന കോളത്തിൽ രേഖപ്പെടുത്തിയ ശേഷമാണ് തൊഴിൽ നികുതി സ്ലാബ് നിർണ്ണയിക്കേണ്ടത്. തൂണേരി ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അർദ്ധവാർഷിക വരുമാന പത്രികകളിൽ തൊഴിൽ നികുതി സ്ലാബ് നിർണ്ണയത്തിനു വേണ്ട മുഴുവൻ ശമ്പള വിവരങ്ങളും നൽകാത്ത സ്ഥാപനങ്ങളുടെ പേരുകൾ ചുവടെ ചേർക്കുന്നു.

1) ദാറുൽ ഹുദ ഇംഗ്ലീഷ് മീഡിയം സ്കൂൾ നാദാപുരം

2)അഗ്രികൾച്ചർ വെൽഫെയർ കോ ഓപ്പറേറ്റീവ് സൊസൈറ്റി തൂണേരി

3)സഹ്റ സെൻട്രൽ സ്കൂൾ പേരോട്

4)ദാറുൽ ഹുദ ആർട്സ് & സയൻസ് കോളേജ്, നാദാപുരം

സ്കൂൾ/സ്ഥാപന മേധാവികൾ സമർപ്പിക്കുന്ന റിട്ടേണുകളിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ വേതന വിവരങ്ങൾ പരിശോധിച്ചതിൽ ജീവനക്കാർക്ക് സംസ്ഥാന സർക്കാർ നിർദ്ദേശിച്ച നിരക്കിൽ ശമ്പളവും മറ്റാനുകൂല്യവും ലഭ്യമാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല. സ്കൂൾ മേധാവികൾ സമർപ്പിക്കുന്ന റിട്ടേണുകളിൽ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുന്നുണ്ടോ എന്നും, രേഖപ്പെടുത്തിയ വിവരങ്ങൾ ശരിയാണോ എന്നും തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട് സെക്രട്ടറി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ ഉറപ്പു വരുത്തിയിട്ടുമില്ല. ഏതൊരു സംസ്ഥാന/ കേന്ദ്ര/ലോക്കൽ അതോറിറ്റി ആവശ്യപ്പെടുന്ന വിവരങ്ങളും സമയ പരിധിക്കുള്ളിൽ നൽകാൻ സ്കൂൾ അധികാരികൾ ബാധ്യസ്ഥരാണ്. പഞ്ചായത്തിൽ നിന്നും സ്ഥാപന മേധാവികൾക്ക് നോട്ടീസ് നൽകി ജീവനക്കാരുടെ വിവരങ്ങൾ നൽകാൻ ആവശ്യപ്പെട്ടിട്ടും പ്രസ്തുത വിവരങ്ങൾ നൽകാതിരിക്കുന്നത് നിയമലംഘനമാണ്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ആവശ്യമായ എല്ലാ വിവരങ്ങളുമടങ്ങിയ റിട്ടേണുകൾ വാങ്ങി, ഈയിനത്തിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ച് അതു പരിഹരിക്കാൻ നടപടിയെടുക്കേണ്ടതാണ്.

3)മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന അക്ഷയ കേന്ദ്രം പേരോട് നിന്നും (ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും തൊഴിൽ നികുതി), തൂണേരി അഗ്രികൾച്ചർ വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നും (സ്ഥാപന തൊഴിൽ നികുതി) 2018-19 സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

4)വിവിധ കരാറുകാരിൽ നിന്നും ബിൽഡിംഗ് സൂപ്പർവൈസർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഓഡിറ്റ് വർഷം തൂണേരി ഗ്രാമപഞ്ചായത്തിൽ വിവിധ മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത് നടത്തിയ താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1. ശ്രീ.ഹമീദ് കെ, കൈതോരയിൽ, പുളിയാവ്
2. ശ്രീ.റഫീഖ് കെ.പി, താവോട്ടുകണ്ടിയിൽ, കായക്കൊടി
3. ശ്രീ.ഷാജി സി ചെക്കണാറത്ത്, കല്ലാച്ചി
4. വളയം ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി വളയം
5. ശ്രീ.അബ്ദുൾ സലാം, സീതിവീട്ടിൽ
6. ശ്രീ.റഫീഖ് കെ.പി, കുറ്റിയിൽ പറമ്പത്ത്, മൊകേരി
7. ശ്രീ.എം ടി ബാലൻ, അജയ് ഭവൻ വളയം.

2018-19 വർഷത്തിൽ തൂണേരി ഗ്രാമപഞ്ചായത്തിൽ ബിൽഡിംഗ് പ്ലാനുകളിൽ സൂപ്പർവിഷൻ നടത്തിയ ചുവടെ ചേർക്കുന്ന എൽ.ബി.എസ് മാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1. ശ്രീ.പി ബാലൻ, പയിങ്കീന്റവിട, രജി നം-സി1-1665/2001/682/ഇ.എ
2. ശ്രീമതി റീബ എൻ.എം, നെല്ലോളി മീത്തൽ,
   രജി നം-ഇ-2050/08/6163/കെകെഡി/317/2014/എസ്.ബി
3. ശ്രീ. ജനീഷ്.വി, വേന്തലിൽ

   രജി നം-ഇ/2050/08/11197/കെകെഡി/583/2017/എസ്.ബി

5)മുഴുവൻ വാണിജ്യ കെട്ടിടങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

സഞ്ചയ അസസ്മെന്റ്, ഡിമാന്റ് എന്നിവ പ്രകാരം ഓഡിറ്റ് വർഷത്തിൽ 1157 കെട്ടിടങ്ങൾ വാണിജ്യപരമായ ആവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ടവയാണ്. 2018-19 വർഷത്തിൽ തൂണേരി ഗ്രാമപഞ്ചായത്തിൽ വേക്കൻസി റെമിഷൻ അനുവദിച്ച കെട്ടിടങ്ങളുടെ എണ്ണം 11 ആണ്. അതായത് 1146 കെട്ടിടങ്ങളിൽ വിവിധ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നു. ഓഡിറ്റ് വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം 264 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുകയും തൊഴിൽ നികുതി ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ

നിന്ന് ലഭിച്ച കണക്കുകൾ പ്രകാരം ആകെ അനുവദിക്കപ്പെട്ട ലൈസൻസുകൾക്കായി ഉപയോഗപ്പെടുത്തിയ കെട്ടിടങ്ങളുടെ എണ്ണം 399 ആണ്. അവശേഷിക്കുന്ന 747 കെട്ടിടങ്ങളിൽ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ഇത്തരം സ്ഥാപനങ്ങൾ ഫീൽഡ് പരശോധനയിലൂടെ കണ്ടെത്തി അവയിൽ നിന്നും ജീവനക്കാരുടെ റിട്ടേൺ വാങ്ങി വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ കെട്ടിട ഉടമകൾക്കും നോട്ടീസ് നൽകിയും വാർഡ് തലത്തിൽ ഫീൽഡ് അന്വേഷണം നടത്തിയും സ്ഥാപന രജിസ്റ്റർ തയ്യാറാക്കി സ്ഥാപന ഉടമകളിൽ നിന്നും നിയമാനുസൃതം ലൈസൻസ് എടുപ്പിച്ചതിന് ശേഷം തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. കൃത്യമായ ഫീൽഡ് പരിശോധന നടത്തി ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ മുഴുവൻ ജീവനക്കാരിൽ നിന്നും ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും സെക്രട്ടറിയും ഉറപ്പുവരുത്തേണ്ടതാണ്.

## 1-11 പകൽ വീട് നിർമ്മാണം പൂർത്തിയായിട്ടും പ്രവർത്തനം ആരംഭിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ 2016-17 മുതൽ 2018-19 വരെ 5,67,701 രൂപ വികസന ഫണ്ടും 49,731 രൂപ തനത് ഫണ്ടും ഉൾപ്പെടെ ആകെ 6,17,432 രൂപ ചെലവഴിച്ച് പകൽ വീട് നിർമമാണം പൂർത്തിയാക്കിയിട്ടുണ്ട്. പ്രൊജക്ട്, ചെലവ് വിശദാംശം താഴെ ചേർക്കുന്നു.

| വർഷം | പ്രൊജക്ട് നം. | പേര് | വകയിരുത്തിയ തുക | ചെലവു തുക |
|---|---|---|---|---|
| 2016-17 | 115/17( N) | പകൽ വീട് നിർമ്മാണം | 396000 (വികസനഫണ്ട്) 4000 (തനത് ഫണ്ട് | 342998 (വികസന ഫണ്ട് |
| 2017-18 | 29/18(SO) | പകൽ വീട് നിർമ്മാണം | 53002 (വികസനഫണ്ട്) 4000 (തനത് ഫണ്ട്) | 24703 (വികസനഫണ്ട്) |
| 2018-19 | 138/19(SO) | പകൽ വീട് പൂർത്തീകരണം | 200000 | 200000 |

| | | | | |
|---|---|---|---|---|
| | | | (വികസനഫണ്ട്) 50000 (തനത് ഫണ്ട്) | (വികസനഫണ്ട്) 49731 (തനത് ഫണ്ട്) |

ആകെ 6,17,432/- രൂപ ചെലവഴിച്ച് 14ാം വാർഡിൽ നിർമ്മിച്ച പകൽ വീട് 6.3.2020ന് സൈറ്റ് പരിശോധനയുടെ ഭാഗമായി നേരിൽ കാണുകയുണ്ടായി. ഗ്രാമപഞ്ചായത്ത് ആയുർവ്വേദ ഡിസ്പൻസറി കെട്ടിടത്തിന്റെ മുകൾ നിലയിലായാണ് പകൽ വീട് നിർമ്മിച്ചിട്ടുള്ളത്. അലൂമിനിയം ഷീറ്റ് മേൽക്കൂര യുള്ള വലിയൊരു ഹാൾ മാത്രമാണ് പകൽ വീടായി ഒരുക്കിയത്. ഹാളിൽ എത്തുന്നതിന് ഇരുമ്പു ഗോവണി ഘടിപ്പിച്ചിട്ടുണ്ട്. മുതിർന്ന പൗരൻമാർ ഗോവണി കയറി പകൽവീട്ടിൽ എത്തേണ്ടി വരും എന്ന അസൗകര്യം, നിർമ്മാണ സമയത്ത് പരിഗണിച്ചിട്ടില്ല. പകൽ സമയം വിനോദത്തിനും വിജ്ഞാനത്തിനുമുള്ള സൗകര്യങ്ങളൊന്നും ഒരുക്കിയിട്ടില്ല. വൈദ്യുതി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഫർണിച്ചറുകൾ. ഫാൻ, ലൈറ്റ് എന്നിവ ഒരുക്കിയിട്ടില്ല. നിർമ്മാണം പൂർത്തിയായിട്ടും പകൽ വീട് പ്രവർത്തനക്ഷമമാക്കാത്തത് സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-12 കോസ്റ്റ് ഇൻഡക്സ് - പ്രാബല്യത്തിലുള്ള നിരക്കിനേക്കാൾ അധിക നിരക്ക് അനുവദിച്ചു

പഞ്ചായത്തിലെ മരാമത്ത് പ്രൊജക്റ്റുകളിൽ തെറ്റായ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് കണക്കാക്കി എസ്റ്റിമേറ്റ് തയ്യാറാക്കുകയും നടപ്പാക്കുകയും ചെയ്യുവകയിൽ 2018-19 വർഷം കരാറുകാർക്ക് അധിക തുക നല്കിയതായി കാണുന്നു. പ്രൈസ് സോഫ്റ്റ്‌വെയർ പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. പി.ഡബ്ല്യൂ.ഡി ചീഫ് എഞ്ചിനീയരുടെ 19.9.2017 ലെ CE/Admn/PLA/EMP/1014(a)/05 പ്രകാരം 1.10.2017 മുതൽ കോഴിക്കോട്, വടകര, നാദാപുരം മേഖലകളിൽ ബാധകമാക്കിക്കൊണ്ട് കോസ്റ്റ് ഇൻഡക്സ് പുനർ നിർണ്ണയിച്ചിട്ടുണ്ട്. ആയത് യഥാക്രമം 37.25%, 38.24%, 39.22% എന്നിങ്ങനെയാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് 2018-19 ൽ നടപ്പിലാക്കിയ ചില പ്രൊജക്റ്റുകളിൽ നാദാപുരത്തിന് ബാധകമായ പഴയ നിരക്കായ 42.16% കോസ്റ്റ് ഇൻഡക്സ് നൽകിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. പഴയ നിരക്കിലുള്ള എസ്റ്റിമേറ്റ് തുകയിലാണ് സാങ്കേതികാനുമതി വാങ്ങിയതെങ്കിലും പ്രവർത്തികൾ ഏല്പിച്ചു കൊടുക്കുന്നത് പ്രാബല്യതീയ്യതി കഴിഞ്ഞാണ്. ആയത് പ്രകാരം കോസ്റ്റ് ഇൻഡക്സിൽ വന്ന മാറ്റത്തിനനുസരിച്ച് എസ്റ്റിമേറ്റ് തുകയിൽ കുറവു വരുത്തണമായിരുന്നു. 2018-19 ൽ കരാർ വച്ച പുതിയ പ്രവർത്തികളുടെ കാര്യത്തിൽ നാദാപുരം മേഖലയ്ക്ക് ബാധകമായ പുതിയ നിരക്കിലാണ് (39.22%) എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ആയത് പ്രകാരം, 1.10.2017 നു ശേഷം കരാർ ചമച്ച്, പ്രവൃത്തി ഏറ്റെടുത്ത് പൂർത്തിയാക്കിയതും 39.22 % നു പകരം 42.16% കോസ്റ്റ് ഇൻക്സിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതുമായ താഴെ ചേർത്ത പ്രൊജക്റ്റുകളിൽ അധികതുക കരാറുകാർക്ക് അനുവദിച്ചിട്ടുണ്ട്. വിശദവിവരം -

| ക്രമ നം. | പ്രവൃത്തിയുടെ പേര്/കരാർ തീയതി/ കരാറുകാരൻ/ എം.ബുക്ക് | ആകെ പ്രവൃത്തി മൂല്യം | കരാറുകാരൻ |
|---|---|---|---|

| | | | |
|---|---|---|---|
| 1 | തീയ്യർ കുന്ന് കുടിവെള്ള പദ്ധതി<br>പ്രൊജ.നം. - 156/19 ( SO)<br>കരാർ തീയതി- 57/21.3.18<br>എം.ബുക്ക് - 255/18-19 | 67202 | ശ്രീ.ഹമീദ്. കെ |
| 2 | സർവ്വീസ് സ്റ്റേഷൻ തട്ടാറത്ത് പള്ളി റോഡ് ടാറിങ്ങ്<br>പ്രൊജ.നം. - 149/19 ( SO)<br>കരാർ തീയതി- 40/30.1.18<br>എം.ബുക്ക് - 131/17-18 | 772242 | ശ്രീ.റഫീഖ്.കെ.പി |
| 3 | സാസ്കാരിക നിലയം (പട്ടാണി)പട്ടാണി<br>പ്രൊജ.നം. -137/19 ( SO)<br>കരാർ തീയതി-37/12.1.18<br>എം.ബുക്ക് - 186/17 | 368418 | ശ്രീ.റഫീഖ്.കെ.പി |
| 4 | കല്ലാച്ചി പൊയിൽ എടക്കാട്ടുതാഴ നടപ്പാത<br>പ്രൊജ.നം. -147/19 ( SO)<br>കരാർ തീയതി- 7/21.12.17<br>എം.ബുക്ക് - 250/15-16 | 98326 | ശ്രീ.ഹമീദ്.കെ |
| 5 | ഉണ്ണിയമ്പ്രോൽ ലക്ഷം വീട് കോളനി റോഡ്<br>പ്രൊജ.നം. - 151/19 ( SO)<br>കരാർ തീയതി- 23/29.12.17<br>എം.ബുക്ക് - 223/18-19 | 399956 | ശ്രീ.റഫീഖ്.കെ.പി |
| 6 | നന്തോത്ത് താഴ റോഡ് ടാറിങ്ങ് | 400000 | ശ്രീ.റഫീഖ്.കെ.പി |

| | | | |
|---|---|---|---|
| | പ്രൊജ.നം. - 153/19 ( SO)<br>കരാർ തീയതി- 31/12.1.18<br>എം.ബുക്ക് - 144/17-18 | | |
| 7 | വെറ്ററിനറി സബ്സെന്റർ പരിഷ്കരണം വെള്ളിയോട്<br>പ്രൊജ.നം. - 154/19 ( SO)<br>കരാർ തീയതി- 54/9.3.18<br>എം.ബുക്ക് - 101/19 | 100000 | ശ്രീ.റഫീഖ്.കെ.പി |
| 8 | മലോൽ മുക്ക് മഞ്ചാങ്കണ്ടി റോഡ് ടാറിങ്ങ്<br>പ്രൊജ.നം. -146/19 ( SO)<br>കരാർ തീയതി- 36/12.1.18<br>എം.ബുക്ക് - | 449318 | ശ്രീ.റഫീഖ്.കെ.പി |
| 9 | പുത്തൻ പുരയിൽ കടക്കാട്ടുമ്മൽ റോഡ് ടാറിങ്ങ്<br>പ്രൊജ.നം. - 148/19 ( SO)<br>കരാർ തീയതി- 46/30.1.18<br>എം.ബുക്ക് - 145/17-18 | 152064 | ശ്രീ.ഹമീദ്.കെ |
| 10 | നടുവിലക്കണ്ടിമുക്ക് വെള്ളിയോട്ട് താഴ റോഡ് ടാറിങ്ങ്<br>പ്രൊജ.നം. - 150/19 ( SO)<br>കരാർ തീയതി- 32/12.1.18<br>എം.ബുക്ക് - 142/17-18 | 349339 | ശ്രീ.റഫീഖ്.കെ.പി |
| 11 | പാലത്തിൽ മുക്ക് ചെരിപ്പൊളി റോഡ് | 299579 | ശ്രീ.ഹമീദ്.കെ |

| | | | |
|---|---|---|---|
| | പ്രൊജ.നം. - 145/19 ( SO)<br>കരാർ തീയതി- 51/30.1.18<br>എം.ബുക്ക് - 150/17-18 | | |
| 12 | പകൽ വീട് പൂർത്തീകരണം<br>പ്രൊജ.നം. - 138/19 ( SO)<br>കരാർ തീയതി- 55/9.3.18<br>എം.ബുക്ക് - 185/17-18 | 249731 | ശ്രീ റഫീഖ്.കെ.പി |
| ആകെ | | 3753463 | |

മേൽ ചേർത്ത എല്ലാ പ്രൊജക്റ്റുകളിലും അധിക നിരക്കിൽ കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ കരാറുകാർക്ക് അധിക തുക അനുവദിക്കപ്പെട്ടിട്ടുണ്ട്. പ്രവൃത്തികളുടെ ഡാറ്റ പരിശോധിച്ചതിൽ, പ്രൈസ് സോഫ്റ്റ് വെയറിൽ കോസ്റ്റ് ഇൻഡക്സ് കണക്കാക്കുന്നത്, ഓരോ ഇനത്തിലെയും മാർക്കറ്റ് നിരക്ക് അനുവദിച്ച ഇനങ്ങൾ കഴിച്ചുള്ള നിരക്കിൻമേലാണ്. ആയത് പ്രകാരം മേൽ ചേർത്ത പ്രവൃത്തികളിൽ അർഹമായ39.22% കോസ്റ്റ് ഇൻഡക്സ് അനുവദിക്കുന്നതിന് പകരം 42.16 ശതമാനം അനുവദിച്ചതിനാൽ അധികമായി കരാറുകാർക്ക് തുക നല്കിയിട്ടുണ്ട്. അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. നല്കിയ അധിക തുക കണക്കാക്കി കരാറുകാരിൽ നിന്നും തിരിച്ചുപിടിക്കേണ്ടതാണ്.

# 1-13 പെർഫോമൻസ് സെക്യൂരിറ്റി നിക്ഷേപം - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല.

ജി.ഒ(പി)13/2012/പിഡബ്ല്യു.ഡി/1.2.2012 കേരള പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2009.7 പ്രകാരം കരാറുകാരൻ കോൺട്രാക്ട് തുകയുടെ 10ശതമാനം ബാങ്ക് ഗ്യാരണ്ടി (ദേശസാൽകൃത ബാങ്കിന്റെ) ലഭ്യമാക്കേണ്ടതുണ്ട്. ജി.ഒ(പി) നം. 429/15/ഫിൻ തീയതി 28.9.2015 പ്രകാരം പെർഫോമൻസ് ഗ്യാരണ്ടി, കരാർ തുകയുടെ 5ശതമാനം ആയി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ അടക്കുന്ന തുകയുടെ 50ശതമാനമെങ്കിലും ട്രഷറി ഫിക്സഡ് ഡെപ്പോസിറ്റ് ആയിരിക്കണമെന്ന് ഉത്തരവിൽ നിഷ്കർഷിക്കുന്നു. ആയത് പ്രകാരം, മരാമത്ത് പ്രവൃത്തികളിൽ കരാറുകാരനിൽ നിന്നും സെക്യൂരിറ്റി നിക്ഷേപമായി സ്വീകരിക്കുന്ന തുകയുടെ 50 ശതമാനമെങ്കിലും ട്രഷറി നിക്ഷേപവും ബാക്കി ദേശസാൽകൃത ബാങ്ക് ഗ്യാരണ്ടിയുമായിരിക്കണം. എന്നാൽ ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം മരാമത്ത് പ്രവൃത്തികളിലും കരാറുകാരിൽ നിന്ന് സഹകരണബാങ്കുകൾ, ഇതര സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള സ്ഥിരനിക്ഷേപ രശീതികളാണ് സെക്യൂരിറ്റി നിക്ഷേപമായി സ്വീകരിച്ചിട്ടുള്ളത്. ഏതാനും

ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് | കരാറുകാരൻ | ടെണ്ടർ തുക | സെക്യൂരിറ്റി നിക്ഷേപതുക | സെക്യൂരിറ്റി രേഖ |
|---|---|---|---|---|---|
| 1. | 148/19 (SO) പുത്തൻ പുരയിൽ കടക്കാട്ടുമ്മൽ റോഡ് ടാറിങ്ങ് | ശ്രീ.ഹമീദ്.കെ | 200000 | 10000 | ചെക്യാട് സർവ്വീസ് സഹ.ബാങ്കിന്റെ എഫ്.ഡി നം.8304, 8305/27.12.2017 |
| 2. | 149/19(SO) സർവ്വീസ് സ്റ്റേഷൻ തട്ടാറത്ത് പള്ളി റോഡ് ടാറിങ്ങ് | ശ്രീ.റഫീഖ്.കെ.പി | 780000 | 39000 | കെ.എസ്.എഫ്.ഇ കുറ്റ്യാടി ബ്രാഞ്ചിന്റെ എഫ്.ഡി. നം. 1191042/30.1.18, 1191004/17.1.18 |
| 3. | 147/19(SO)കല്ലാച്ചി പൊയിൽ എടക്കാട്ടുതാഴ നടപ്പാത | ശ്രീ.ഹമീദ്.കെ | 100000 | 5000 | ചെക്യാട് സർവ്വീസ് സഹ. ബാങ്കിന്റെ എഫ്.ഡി. നം 8279, 8280/21.12.17 |
| 4. | 158/19(SO)പാലത്തിൽ മുക്ക് ചെരിപ്പൊളി റോഡ് | ശ്രീ.ഹമീദ്. കെ | 495000 | 25000 | ചെക്യാട് സർവ്വീസ് സഹ. ബാങ്കിന്റെ എഫ്.ഡി. നം. 8535/13.3.18 |
| 5. | 154/19 (SO) വെറ്ററിനറി സബ് സെന്റർ അറ്റകുറ്റ പണി, വെള്ളിയോട്ടില്ലം | ശ്രീ.റഫീഖ്.കെ.പി | 100000 | 5000 | കുന്നുമ്മൽ ബ്ലോക്ക് വനിത സഹ. സംഘം എഫ്.ഡി. 282/19.3.19, കെ.എസ്.എഫ്.ഇ കുറ്റ്യാടി ബ്രാഞ്ച് |

| | | | | | |
|---|---|---|---|---|---|
| | | | | | എഫ്.ഡി നം. 1191002/17.1.18 |

ഇതിന് പുറമെ 400000 ടെണ്ടർ തുകയുള്ള പ്രൊജ. നം. 151/19(SO) ഉണ്ണിയമ്പ്രോൽ ലക്ഷം വീട് കോളനി റോഡ് നിർമ്മാണം കരാറുകാരനായ ശ്രീ ഹമീദ്. കെ 29.12.17ൽ കരാർ വെച്ച പ്രകാരം 3,99,956/- രൂപ ചെലവഴിച്ച് പ്രവൃത്തി പൂർത്തിയാക്കിയതാണ്. എന്നാൽ ടി പ്രവൃത്തിക്ക് 20,000/- രൂപ സെക്യൂരിറ്റി നിക്ഷേപം സ്വീകരിച്ചതിന്റെ രേഖ ലഭ്യമാക്കിയിട്ടില്ല..

സെക്യൂരിറ്റി നിക്ഷേപം സ്വീകരിക്കുന്നത് സംബന്ധിച്ച സർക്കാർ നിർദ്ദേശം പാലിക്കാത്തതിനും മേൽചേർത്ത പ്രവൃത്തിക്ക് സെക്യൂരിറ്റി നിക്ഷേപം സ്വീകരിക്കാത്തതും സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശം പാലിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-14 തട്ടാറത്ത് പള്ളി - കട്ടോളിപാലം റോഡ് പരിഷ്കരണം രണ്ടാം ഘട്ടം - കരാറുകാരന് അധിക തുക നല്കി

1,00,000 രൂപ തനത് ഫണ്ട് വകയിരുത്തിയുള്ള പ്രൊജ. നം 224/19 പ്രകാരമുള്ള മേൽ പ്രവൃത്തിയുടെ എം.ബുക്ക് (നം. 260/18-19) പേജ് 10 പ്രകാരം ആകെ പ്രവൃത്തി മൂല്യം കണക്കാക്കിയത് 98672 രൂപയാണ്. 1% ഐ.ടി, 1% നിർമ്മാണ തൊഴിലാളി ക്ഷേമനിധി - ആകെ 1974 രൂപ കഴിച്ച് 96698 രൂപയാണ് കരാറുകാരന് നൽകേണ്ടത്. ബില്ലിൽ നിന്നും ഐ.ടി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നിവ 1000 രൂപ വീതം ആകെ 2000 രൂപ പിടിച്ച് രണ്ട് ബില്ലുകൾ പ്രകാരം ആകെ 97946 രൂപയാണ് തനത് ഫണ്ടിൽ നിന്നും കരാറുകാരനായ ശ്രീ.റഫീഖ്.കെ.പി ക്ക് നല്കിയത്. (ചെക്ക് നം.2723327/30.3.19 പ്രകാരം 88567 രൂപ (90567 - 2000), ചെക്ക് നം. 86255/30.3.19 പ്രകാരം 9379 രൂപ) അധികമായി 1248 രൂപ (97946 - 96698)നല്കിയത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നല്കിയ തുക കരാറുകാരനിൽ നിന്ന് തിരിച്ചീടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 മരാമത്ത് പ്രൊജക്ടുകളുടെ നിർവ്വഹണം, ഫയൽ സൂക്ഷിപ്പ് - അപാകതകൾ

2018-19 വർഷം മരാമത്ത് മേഖലയിൽ നടപ്പാക്കിയ പ്രൊജക്ടുൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. മത്സരാടിസ്ഥാനത്തിലുള്ള ടെണ്ടർ / ക്വട്ടേഷനുകളുടെ ലഭ്യത കുറവ്

കേരള പൊതുമരാമത്ത് മാന്വൽ ജി.ഒ(പി)13/2012/പി.ഡബ്ല്യൂ.ഡി/1.12.2012 പ്രകാരം എല്ലാ

ടെണ്ടർ പരസ്യങ്ങളും പഞ്ചായത്ത് നോട്ടീസ് ബോർഡ്, വെബ് സൈറ്റ്, മരാമത്ത് വകുപ്പിന്റെ നോട്ടീസ് ബോർഡ് എന്നിവയിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. 1 ലക്ഷം മുതൽ 10 ലക്ഷം വരെ എസ്റ്റിമേറ്റ് ചെലവുള്ള ടെണ്ടറുകൾ പഞ്ചായത്ത് പ്രദേശത്ത് ഏറ്റവും പ്രചാരമുള്ള ഒരു ദിനപത്രത്തിൽ 10 ദിവസം കുറഞ്ഞ സമയം നല്കി പ്രസിദ്ധീകരിക്കണം. ടെണ്ടർ പരസ്യങ്ങളുടെ കാര്യത്തിൽ മേൽ നടപടികൾ ഗ്രാമ പഞ്ചായത്തിൽ പാലിച്ചിട്ടുണ്ടെങ്കിലും, 2018-19 ൽ നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ രജിസ്റ്റർ പരിശോധിച്ചതിൽ സ്ഥിരമായി ഒരേ കരാറുകാരുടെ ടെണ്ടറുകളാണ് ലഭിച്ചതായി കാണുന്നത്. 2018-19 വർഷം ആകെ 88 പുതിയ മരാമത്ത് പ്രവൃത്തികളിൽ ടെണ്ടർ ക്ഷണിച്ചതിൽ 42 എണ്ണത്തിലും ശ്രീ ഹമീദ്. കെ, കൈതോറയിൽ, ശ്രീ റഫീഖ്. കെ. പി, താറോട്ടുകണ്ടി എന്നീ കരാറുകാരുടെ ടെണ്ടറുകൾ മാത്രമാണ് ലഭിച്ചത്. ഒരു ടെണ്ടർ മാത്രം ലഭിച്ചവയിൽ ഭൂരിഭാഗത്തിലും ഇതേ കരാറുകാരുടേതാണ്. ആയതിനാൽത്തന്നെ ഭൂരിഭാഗം പ്രവൃത്തികളുടെ നിർവ്വഹണവും ഇതേ കരാറുകാരിൽ മാത്രമായി ചുരുങ്ങി. മത്സരാടിസ്ഥാനത്തിൽ കൂടുതൽ ടെണ്ടർ/ക്വട്ടേഷൻ ലഭിക്കാത്തത്, പഞ്ചായത്തിന് സാമ്പത്തിക മെച്ചം ഉണ്ടാകാനുള്ള സാധ്യതയും നിർവ്വഹണത്തിലെ സുതാര്യത യും കുറക്കുന്ന സാഹചര്യം സൃഷ്ടിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താൽപര്യം സംരക്ഷിക്കുന്നതിന് ഇക്കാര്യത്തിൽ യുക്തമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

2.ഫയലുകളിൽ ആവശ്യമായ രേഖകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

മരാമത്ത് ഫയലുകളിൽ ഭൂരിഭാഗത്തിലും ആവശ്യമായ രേഖകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. 18-19 ലെ പുതിയ പ്രൊജക്റ്റുകളിൽ മിക്കതിലും എസ്റ്റിമേറ്റ് റിപ്പോർട്ട്, സൈറ്റ് പ്ലാൻ എന്നിവ സൂക്ഷിച്ചിട്ടില്ല. തെരഞ്ഞെടുക്കപ്പെടുന്ന കരാറുകാരന് സെലക്ഷൻ നോട്ടീസ് നല്കാറില്ല. മോണിറ്ററിങ്ങ് സമിതി റിപ്പോർട്ട്, സൈറ്റ് കൈമാറ്റ രേഖ എന്നിവയുടെ ഫോർമാറ്റുകൾ തയ്യാറാക്കി ഫയലിൽവെച്ചതല്ലാതെ വിശദാംശങ്ങൾ രേഖപ്പെടുത്തി ഉത്തരവാദപ്പെട്ടവർ സാക്ഷ്യപ്പെടുത്തി ആധികാരികമായി സൂക്ഷിച്ചിട്ടില്ല. അളവു പുസ്തകങ്ങളിൽ മെമ്മോ ഓഫ് പേമെന്റ് തീരെ എഴുതി ചേർക്കാത്തതും പൂർണ്ണ വിവരങ്ങൾ ചേർക്കാത്തതും ശ്രദ്ധയിൽപ്പെട്ടു. (ഉദാ- വേറ്റുമ്മൽ - മുള്ളൻ കുന്ന് റോഡ് എം.ബുക്കനം. 207/18-19, പുത്തൻ പുരയിൽ മുക്ക് - വളപ്പിൽ മുക്ക് റോഡ് എം.ബുക്ക് 254/18-19, )

3. കരാർ റജിസ്റ്ററിൽ ടെണ്ടർ തുക, പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ ഭാവിയിൽ തുടരുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-16 ഒരേ റോഡിന്റെ ഡബ്ല്യു. ബി.എം സോളിങ്ങ് പ്രവൃത്തിക്കായി ഒരേ വർഷം രണ്ട് പ്രൊജക്റ്റുകൾ

പാലത്തിൽ മുക്ക് ചെരിപ്പൊളി റോഡ് പരിഷ്കരണം എന്ന പേരിൽ ഒരേ റോഡിന്റെ രണ്ട് ചെയിനേജുകളിലായി ഡബ്ല്യു.ബി.എം സോളിങ്ങ് പ്രവൃത്തിക്ക് തൻ വർഷം രണ്ട് സ്പിൽ ഓവർ പ്രൊജക്റ്റുകൾ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജ.നം./പേര് | ചെയിനേജ് | ആകെ പ്രവൃത്തി മൂല്യം | ചെലവ് |
|---|---|---|---|---|
| 1. | 158/19(SO) പാലത്തിൽ മുക്ക് ചെരിപ്പൊളി റോഡ് പരിഷ്കരണം<br>എം.ബുക്ക് - 149/17-18<br>കരാറുകാരൻ - ശ്രീ ഹമീദ്.കെ<br>കരാർ തീയ്യതി - 56/13.3.18<br>വകയിരുത്തൽ – 495000/- 395000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>100000(തനത് ഫണ്ട്) | 0/0-0/280 | 478605 | 83605 (17-18)<br>395000(18-19)<br>ആകെ 478605 |
| 2 | 145/19(SO) പാലത്തിൽ മുക്ക് ചെരിപ്പൊളി റോഡ്<br>എം.ബുക്ക് - 150/17-18<br>കരാറുകാരൻ - ശ്രീ ഹമീദ്. കെ<br>കരാർ തീയ്യതി - 51/30.1.18<br>വകയിരുത്തൽ 300000/-<br>290000 (സംരക്ഷണ ഗ്രാന്റ് റോഡ്)<br>10000 (തനത് ഫണ്ട്) | 0/280 - 0/450 | 299579 | 9579(17-18<br>290000 (2018-19) |

രണ്ട് പ്രൊജക്ടുകൾ പ്രകാരവും ഗ്രാനുലാർ സബ് ബേസ് കോഴ്സ്, കൺസ്ട്രക്ഷൻ ഓഫ് സബ്ഗ്രേഡ് ആന്റ് എർത്തൻ ഷോൾഡേഴ്സ് , വാട്ടർ ബൗണ്ട് മക്കോഡം സോളിങ്ങ് പ്രവൃത്തികൾ പൂർത്തിയാക്കിയത് പ്രകാരമാണ് മേൽ ചേർത്ത തുക ചെലവഴിച്ചത്.പ്രാജക്റ്റ് നടപ്പാക്കിയതുമായി ബന്ധപ്പെട്ട് താഴെ ചേർത്ത അപാകതകൾ കാണുന്നു.

1. ഒരേ റോഡിന്റെ 0/00-0/450 ചെയിനേജിൽ സോളിങ്ങ് പ്രവൃത്തി മാത്രം ചെയ്യുന്നതിന് ഒരു പ്രൊജക്റ്റ് മാത്രം രൂപീകരിച്ച് പ്രവൃത്തി പൂർത്തിയാക്കാമെന്നിരിക്കെ 0/00 – 0/280, 0/280 – 1/450 എന്നീ രണ്ട് ചെയിനേജുകളിലായി രണ്ട് പ്രൊജക്ടുകൾ തയ്യാറാക്കി പ്രവത്തി

പൂർത്തീകരിക്കാനുണ്ടായ കാരണം വ്യക്തമല്ല. നേരിയ വിഭവ വകയിരുത്തലുകൾ നടത്തി പ്രൊജക്ടുകൾ രൂപീകരിക്കുന്ന രീതി ഒഴിവാക്കേണ്ടതാണെന്ന 13ാം പദ്ധതി മാർഗ്ഗ നിർദ്ദേശത്തിന് വിരുദ്ധമാണിത്. മരാമത്ത് മേഖലയിലെ പ്രൊജക്ടുകളുടെ എണ്ണക്കൂടുതൽ പരിഗണിക്കുമ്പോൾ ഈ രീതിയിൽ പ്രൊജക്ടുകൾ തയ്യാറാക്കുന്നത് ഒഴിവാക്കേണ്ടതുണ്ട്.

2. 0/00 -0/450 ചെയിനേജിൽ സോളിങ്ങ് പൂർത്തിയാക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ഒരു പ്രൊജക്ട് പ്രകാരം പ്രവൃത്തി പൂർത്തികരിക്കുകയായിരുന്നെങ്കിൽ ഇ-ടെണ്ടർ നടപടികൾ പ്രകാരം കരാറുകാരനെ കണ്ടെത്തി പ്രവൃത്തി ഏല്പിക്കുകയായിരുന്നു ചെയ്യേണ്ടത്. ആയതിനു പകരം രണ്ട് പ്രവൃത്തികളും എസ്റ്റിമേറ്റ് നിരക്കിൽ ഒരേ കരാറുകാരനെ ഏല്പിക്കുകയാണുണ്ടായത്. മത്സരാടിസ്ഥാനത്തിൽ ടെണ്ടറുകൾ ലഭിക്കുന്നതിനും ഗ്രാമ പഞ്ചായത്തിന് സാമ്പത്തിക മെച്ചം ഉണ്ടാക്കുന്നതിനുമുള്ള സാഹചര്യമാണ് രണ്ട് പ്രവൃത്തികളാക്കി നിർവ്വഹിച്ചത് പ്രകാരം ഇല്ലാതായത്.

3. സൈറ്റ് പരിശോധനയുടെ ഭാഗമായി 6.3.2020 ന് ഗ്രേഡ് രണ്ട് ഓവർസിയർ ശ്രീമതി.ഷിൽന യുടെ സാന്നിധ്യത്തിൽ പ്രവൃത്തി നേരിൽ സന്ദർശിച്ചപ്പോൾ 2018-19 ലെ ത്തന്നെ ജില്ലാ പഞ്ചായത്ത് പ്രൊജക്ട് പ്രകാരം ഡ്രെയിനേജ് ഉൾപ്പെടെ മുഴുവൻ ചെയിനേജിലും ടാറിങ്ങ് പ്രവൃത്തി പൂർത്തിയാക്കിയതായി കണ്ടു. ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ, 950 മീറ്റർ ദൈർഘ്യമുള്ള പാലത്തിൽ മുക്ക് ചെരിപ്പൊളി റോഡ് ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയാണ്. ഗ്രാമ പഞ്ചായത്ത് റോഡ്, ജില്ലാ പഞ്ചായത്ത് പ്രൊജക്ട് പ്രകാരം ടാറിങ്ങ് നടത്തുന്നതിന് പഞ്ചായത്ത് ഭരണസമിതി അംഗീകാരം ആവശ്യമാണെങ്കിലും ആയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

4. ആസ്തി രജിസ്റ്ററിൽ 950 മീറ്റർ ദൈർഘ്യമുള്ള റോഡിന്റെ 0/00 മുതൽ 0/450 ചെയിനേജിന് ശേഷമുള്ള ഭാഗത്തിന്റെ നിലവിലുള്ള അവസ്ഥ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കേണ്ടതായിരുന്നെങ്കിലും ആയത് ചെയ്തിട്ടില്ല. ജില്ലാ പഞ്ചായത്ത് പ്രാജക്ട് പ്രകാരമുള്ള റോഡ് ടാറിങ്ങിനുള്ള എസ്റ്റിമേറ്റിൽ, ഗ്രാമപഞ്ചായത്ത് നിർവ്വഹിച്ച 0/00 -0/450 ചെയിനേജിലുള്ള സോളിങ്ങ് പ്രവൃത്തി ഇരട്ടിപ്പ് വരാനുള്ള സാധ്യത പരിശോധനാ വിധേയമാക്കേണ്ടതുണ്ട്.

അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത സംബന്ധിച്ച് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്

## 1-17 നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി -ആവശ്യമായ രേഖകൾ ലഭ്യമാക്കാതെ ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്തതും മറ്റ് അപാകതകളും.

പ്രൊജക്ട് നമ്പർ - 5/18-19

വകയിരുത്തിയ തുക - 372400

ചെലവുതുക - 346200
(ബിൽ നമ്പർ2/18-19 തി 10.8.18 -31200

ചെക്ക് നം.1592300/11.01.19 – 26200

ബിൽ നമ്പർ – 12/18-19 തി 28.12.18-88800

ചെക്ക് നമ്പർ – 2443202തി30.3.19-12000

ചെക്ക്നമ്പർ-1898691 തി11.1.2019-5000

ചെക്ക് നമ്പർ- 2971959 തി27.3.19-75000

മേൽ പ്രൊജക്ട് പ്രകാരം 20 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്ന കർഷകർക്ക് കൂലി ചെലവ് സബ്സിഡി ഇനത്തിൽ ഹെക്ടറിന് 17000 രൂപ നിരക്കിൽ 340000 രൂപയും 810 കി.ഗ്രാം നെൽവിത്ത് നൽകുന്നതിന് 32400 രൂപയും വകയിരുത്തിയിട്ടുണ്ട്. ആയതിൽനിന്നും 31200 രൂപ പിൻവലിച്ച് 780 കി.ഗ്രാം നെൽവിത്ത് കേരള സ്റ്റേറ്റ് സീഡ് ഡവലപ്മെന്റ് അതോറിറ്റിയിൽ നിന്നും വാങ്ങിയിട്ടുണ്ട്. ആയത് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. കൂലി ചെലവ് കൈപ്പറ്റിയ ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധിച്ചതിൽ നെൽകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി സംബന്ധിച്ച രേഖകളൊന്നും അപേക്ഷയോടൊപ്പം ലഭ്യമാക്കിയിട്ടില്ല. ഇത്തരത്തിൽ 96 കർഷകർക്കാണ് ആനുകൂല്യം വിതരണം ചെയ്തിരിക്കുന്നത്. ആനുകൂല്യം കൈപ്പറ്റുന്ന കർഷകർ വിള ഇൻഷൂർ തുക മുൻകൂറായി അടക്കണമെന്ന നിബന്ധനയും പാലിക്കപ്പെട്ടിട്ടില്ല. ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്യുമ്പോൾ അതിൽ നിന്നും കുറവ് ചെയ്താണ് വിള ഇൻഷൂർ തുക അടച്ചിരിക്കുന്നത്. കർഷകർ നെൽകൃഷി ചെയ്തതു സംബന്ധിച്ച പാടശേഖര സമിതി ഭാരവാഹികളുടെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. അപേക്ഷകളിൽ വാർഡുസമിതി തീരുമാനം, കൃഷി വകുപ്പ് ഉദ്യോഗസ്ഥരുടെ സാക്ഷ്യപത്രം എന്നിവയും ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ മാത്രം ആവശ്യമായ രേഖകൾ, പരിശോധനാ റിപ്പോർട്ട് എന്നിവ ലഭ്യമാക്കാതെ ആനുകൂല്യം വിതരണം ചെയ്യാനുണ്ടായ സാഹചര്യം വിശദമാക്കുന്നതിനും നെൽ വിത്തുകൾ കൃഷിക്കാർക്ക് വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനക്കായി ഹാജരാക്കുന്നതിനുമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവുതുക 346200 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-18 സമഗ്ര തെങ്ങ് കൃഷിവികസന പദ്ധതി- പ്രൊജക്ട് നടത്തിപ്പിൽ അപാകത

പ്രൊജക്ട് നമ്പർ – 3/19

വകയിരുത്തിയ തുക – 1007362

ചെലവുതുക – 786501 (ബിൽ നമ്പർ 1/18-19 തി18-7-18 93750

5/18-19 തി 24.9.18 661771

D.D.നമ്പർ 86650 തി 31.8.18 31250

മേൽ പ്രൊജക്ട് പ്രകാരം 6989 തെങ്ങുകൾക്ക് 5 കി.ഗ്രാം വീതം ജൈവവളവും , കർഷകർക്ക് 500 എണ്ണം സങ്കരയിനം തെങ്ങിൻ തൈകളും 75% സബ്സിഡി നിരക്കിൽ വിതരണം

ചെയ്യുന്നതിനാണ് പ്രൊജക്ട് ലക്ഷ്യമിട്ടിരിക്കുന്നത്. ആയത് പ്രകാരം 500 സങ്കരയിനം തെങ്ങിൻ തൈകൾ കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി മുഖേന വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന 661771രൂപ മേൽ ബിൽ പ്രകാരം പിൻവലിച്ച് ജൈവവള വിതരണത്തിനായി പുറമേരി സർവീസ് സഹകരണ ബാങ്കിന് നൽകിയിട്ടുണ്ട്. 34945 കി.ഗ്രാം വേപ്പിൻ പിണ്ണാക്ക് 25.25 രൂപനിരക്കിൽ വിതരണം ചെയ്തതിന്റെ 75% സബ്സിഡിയായി ബാങ്ക് സമർപ്പിച്ച കാഷ് ബില്ലിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിരിക്കുന്നത്. പ്രൊജക്ട് പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടു.

1. തെങ്ങൊന്നിന് 5 കി.ഗ്രാം ജൈവവളം വിതരണം ചെയ്യുന്നതിനാണ് പ്രൊജക്ട് വിഭാവനംചെയ്തത്. ആയത് വേപ്പിൻ പിണ്ണാക്കായി നിജപ്പെടുത്തിക്കൊണ്ട് ഏതെങ്കിലും തലത്തിൽ തീരുമാനം കൈകൊണ്ടതിന്റെ രേഖകളൊന്നും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
2. 10.8.2018 ൽ കൂടിയ പ്രൊക്യൂർമെന്റ് കമ്മറ്റി യോഗം ജൈവവളം റെയ്ഡ്കോ മുഖേന വാങ്ങിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. എന്നാൽ ആയതിന് വിരുദ്ധമായി പുറമേരി സർവീസ് സഹകരണ ബാങ്ക് മുഖേന വേപ്പിൻ പിണ്ണാക്ക് വാങ്ങിക്കാനുണ്ടായ സാഹചര്യം വിശദമാക്കപ്പെട്ടിട്ടില്ല.
3. വേപ്പിൻ പിണ്ണാക്കിന് 25.25 രൂപ വില നിശ്ചയിച്ചിരിക്കുന്നത് ഏത് അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കിയിട്ടില്ല. ആയത് പ്രൊക്യൂർമെന്റ് മിനുട്സ് പരിശോധിച്ചതിൽ ആയത് പ്രൊക്യൂർമെന്റ് കമ്മറ്റി അംഗീകരിച്ചു കാണുന്നില്ല.
4. സ.ഉ.നമ്പർ 22/18 / ത.സ്വ.ഭ.വ.തീയതി 14.2.18 ഖണ്ഡിക 6.1 പ്രകാരം ജൈവവളങ്ങളുടെ യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിർണയിച്ചു നൽകണമെന്ന നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും യൂണിറ്റ് കോസ്റ്റ് നിർണയിച്ചു നൽകിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

അപാകതകളുടെ അടിസ്ഥാനത്തിൽ പേപ്പിൻ പിണ്ണാക്ക് വിതരണത്തിനായി ചെലവഴിച്ച തുക 661771 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-19 ജലസേചനത്തിന് പമ്പ് സെറ്റ്- മാനദണ്ഡ പ്രകാരം അർഹതയില്ലാത്ത ഗുണഭോക്താവിന് പമ്പ് സെറ്റ് അനുവദിച്ചു.

പ്രൊജക്ട് നമ്പർ – 7/18-19
നിർവഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ
വകയിരുത്തിയ തുക – 60000

ചെലവുതുക – 60000 (ബിൽ നമ്പർ- 4/18-19 തി.24.9.18-44150

8/18-19 തി.12.11.18-5300

11/18-19തി.27.11.18 -10550

മേൽ പ്രൊജക്ട് പ്രകാരം 11 ഗുണഭോക്താക്കൾക്ക് ജലസേചന പമ്പ് സെറ്റുകൾക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ട്. ആയതിൽ ഒരു ഗുണഭോക്താവായ ഹാസ്യ പുലക്കുന്നത്ത്

(കുനിയിൽ) എന്നവർ അപേക്ഷയോടൊപ്പം ഹാജരാക്കിയ നികുതി ശീട്ട് പ്രകാരം ടിയാൾക്ക് 121/4 സർവെ നമ്പരിൽ പെട്ട 6.012 ആർ ഭൂമിയാണുള്ളത്. സ.ഉ.നമ്പർ 22/18/ത.സ്വ.ഭ.വ.തി 14.2.18 ഖണ്ഡിക 6.1.14 പ്രകാരം ജലസേചനത്തിന് പമ്പ് സെറ്റ് അനുവദിക്കുമ്പോൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ 20 സെന്റിൽ കൂടുതൽ ഭൂമിയുള്ളവർക്കാണ് അർഹതയുള്ളത്. എന്നാൽ ഹാജരാക്കിയ രേഖകൾ പ്രകാരം ടിയാൾക്ക് 14.84 സെന്റ് ഭൂമിയാണുള്ളത് (6.012X2.47). പമ്പ് സെറ്റിന് സബ്സിഡി ഇനത്തിൽ ഗുണഭോക്താവിന് 5550 രൂപ അനുവദിച്ചിട്ടുണ്ട്. സബ്സിഡി മാർഗരേഖ പ്രകാരം അർഹതയില്ലാത്ത ഗുണഭോക്താവിന് പമ്പ് സെറ്റ് സബ്സിഡി ഇനത്തിൽ അനുവദിച്ച തുക 5550 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക തിരിച്ചടയ്ക്കേണ്ടതാണ്.

## 1-20 കൃഷി ഓഫീസർ നിർവഹണം നടത്തിയ പ്രൊജക്ടുകൾ- ആവശ്യമായ രേഖകൾ ഹാജരാക്കിയില്ല.

സാമ്പത്തിക വർഷത്തിൽ കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ കാണിച്ച പ്രൊജക്ടുകളിൽ വിത്തുവിതരണം ഉൾപ്പെടെ ഓഡിറ്റിനാവശ്യമായ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| പ്രൊജക്ട് നമ്പർ/പേര് | ചെലവു തുക | ലഭ്യമാക്കേണ്ട രേഖകൾ | ബിൽ നമ്പർ/തി |
|---|---|---|---|
| 10/19- എല്ലാവീട്ടിലും പച്ചക്കറി | 50000 | സ്റ്റേറ്റ് സീഡ് ഫാം പേരാമ്പ്രയിൽ നിന്നും വാങ്ങിയ 25 രൂപവിലയുള്ള 2000 പച്ചക്കറി വിത്ത് പേക്കറ്റുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ വിവരം.125 പാക്കറ്റ് വീതം വാർഡ് മെമ്പർമാർ കൈപറ്റിയിട്ടുണ്ട് | 3/18-19 തി 24.9.18 - 50000/- |
| 4/18-19 പച്ചക്കറികൃഷിക്ക് കൂലി ചെലവ് സബ്സിഡി | 255000 | ഗുണഭോക്താക്കൾ പച്ചക്കറി കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തൃതി സംബന്ധിച്ച രേഖകൾ | ബിൽ നമ്പർ.14/18-19 തി.31.1.19-150000<br>ചെക്ക് നമ്പർ.2971955 തി.22.3.19-105000 |

ആവശ്യമായ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ ചെലവു തുക 305000 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-21 പി.എച്ച്.സി ക്ക് ലാപ്ടോപ്പ്, പ്രൊജക്ടർ, അനുബന്ധ ഉപകരണങ്ങൾ - സർക്കാർ ഉത്തരവ് പ്രകാരമുള്ള വാങ്ങൽ നിബന്ധനകൾ പാലിച്ചില്ല

പ്രൊജക്റ്റ് നം. 19/19
നിർവഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ

വകയിരുത്തൽ - 100000(വി. ഫണ്ട്)

ചെലവ് - 99999/- (ബിൽ നം. 12/15.3.19)

പ്രൊജക്റ്റ് പ്രകാരം, നിസ്ഡം ഇൻഫോവേ, പെരിന്തൽമണ്ണ, മലപ്പുറം എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് നം. NPMB2C/5526/11.3.2019 പ്രകാരം താഴെ ചേർത്ത കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങളാണ് പി.എച്ച്.സി യിലേക്ക് വാങ്ങിയത്.

1.ലാപ് ടോപ്പ് 15-DA32TU - HP, - 29237.29

2. പ്രൊജക്ടർ EB108EPSON - 35625.00

3. പ്രൊജക്ടർ സ്ക്രീൻ 6x4TRIPOD - 2626.27

4. പോർട്ടബിൾ PA System x PA1510DP AHUJA - 14237.29

ജി.എസ്.ടി അടക്കം 99,999/- രൂ നിസ്ഡം ഇൻഫോവേയ്ക്ക് നല്കിയിട്ടുണ്ട്. മേൽചേർത്ത പ്രകാരം പർച്ചേസ് നടത്തിയതുമായി ബന്ധപ്പെട്ട് താഴെ ചേർത്ത അപാകതകൾ സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

1. ത.സ്വ.ഭ.സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള സ.ഉ (പി) നം. 259/2010/ത.സ്വ.ഭ.വ തീയതി 8.11.10 പ്രകാരമുള്ള നടപടിക്രമങ്ങളോ 2013 ലെ സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമുള്ള നടപടിക്രമങ്ങളോ വാങ്ങൽ പ്രക്രിയയിൽ പാലിക്കപ്പെട്ടിട്ടില്ല. സ്റ്റോർ പർച്ചേസ് മാന്വൽ - സ.ഉ(പി)നം.3/2013/എസ്.പി.സി/തീയതി 21.6.13 ഉത്തരവിലെയും തുടർന്നുള്ള ഭേദഗതി ഉത്തരവുകൾ എന്നിവ പ്രകാരം 15000 രൂപ മുതൽ 100000 രൂപ വരെയുള്ള വാങ്ങലുകൾക്ക് ക്വട്ടേഷൻ ക്ഷണിച്ചിരിക്കേണ്ടതാണ്. (മാന്വൽ ഖണ്ഡിക 7.6,7.31) ക്വട്ടേഷൻ നോട്ടീസ്, ഓഫീസ് നോട്ടീസ് ബോർഡിലും, പൊതു സ്ഥലങ്ങളിലും സർക്കാർ വെബ് സൈറ്റിലും പ്രസിദ്ധപ്പെടുത്തേണ്ടതാണ്. എന്നാൽ ഇത്തരം നടപടിക്രമങ്ങൾ പാലിച്ചതിന്റെ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. വിതരണം ചെയ്ത നിസ്ഡം ഇൻഫോവേ, പെരിന്തൽമണ്ണ എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമല്ല.
2. ഇലക്ട്രോണിക്ക് സാധനങ്ങൾ എന്ന നിലയ്ക്ക്, ആവശ്യമായ ഉപകരണങ്ങളുടെ സ്പെസിഫിക്കേഷൻ ബന്ധപ്പെട്ട മേഖലയിൽ നിന്നുള്ള വിദഗ്ദനിൽ നിന്നും വാങ്ങിയിട്ടില്ല.

5.11.18 ലെ എ2-5187/18 നം. കത്ത് പ്രകാരം സ്പെസിഫിക്കേഷനുകൾ രേഖപ്പെടുത്തിക്കൊണ്ട് വിതരണക്കാരന് പഞ്ചായത്ത് സെക്രട്ടറി കത്ത് നല്കിയതിന്റെ അടിസ്ഥാനത്തിലാണ് വിതരണം ചെയ്തത്. എന്നാൽ ഈ കത്തിൽ നിർദ്ദേശിച്ച സ്പെസിഫിക്കെഷനുകൾ പ്രകാരം തന്നെ സാധനങ്ങൾ വിതരണം ചെയ്യപ്പെട്ടു എന്നും ഉറപ്പു വരുത്തിയിട്ടില്ല.

3. കമ്പ്യൂട്ടർ, ലാപ്ടോപ്പ്, അനുബന്ധ ഉപകരണങ്ങളുടെ വാങ്ങൾ സംബന്ധിച്ച് പർച്ചേസിങ്ങ് കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കിയിട്ടില്ല.

അപാകത സംബന്ധിച്ച് നല്മകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു തുക 99999/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-22 പെയിൻ ആന്റ് പാലിയേറ്റീവ് പ്രവർത്തനം - മുൻകൂറായി നല്കിയ മുഴുവൻ തുകയ്ക്കുള്ള മരുന്നും ലഭ്യമായില്ല.

മെഡിക്കൽ ഓഫീസർ, പി.എഎച്ച്.സി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രൊജക്ട് നം. 14/19 പ്രകാരം പെയിൻ ആന്റ് പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി തൻവർഷം ആകെ 438566/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ബിൽ നം.9/27.2.2019 പ്രകാരം 49999/- രൂപ മരുന്നുകൾ, ഉപകരണങ്ങൾ എന്നിവയ്ക്കായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് മുൻകൂറായി അടച്ച തുകയാണ്. ഇൻവോയ്സ് നം. 7434/1.11.19 പ്രകാരം 26212 രൂപയുടെ മരുന്നുകൾ, മെഡിക്കൽ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുകയും ആയവ സ്റ്റോക്കിലെടുക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി 23787 രൂപയുടെ മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ നാളിതുവരെയായിട്ടും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽനിന്ന് ലഭ്യമായിട്ടില്ല. ഇൻഡൻഡ് പ്രകാരം പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് അത്യാവശ്യമായ വീൽ ചെയറുകൾ വാക്കർ എന്നീ ഉപകരണങ്ങൾ കൂടി ലഭിക്കാത്തവയിൽ ഉൾപ്പെടുന്നു..

അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മുന്നുകൂറായി നല്കിയ മുഴുവൻ തുകയ്ക്കുള്ള മരുന്നും ഉപകരണങ്ങളും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. 23787 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-23 ഗവ. ആയുർ വേദ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ- മുഴവൻ മരുന്നുകൾ ലഭ്യമാവാത്തതും മറ്റ് അപാകതകളും

പ്രൊജക്ട് നമ്പർ – 31/19

വകയിരുത്തിയ തുക – 500000

ചെലവുതുക – 500000 (ബിൽ നമ്പർ 6/18-19 തി21.11.18)

നിർവഹണം – ആയുർവേദ മെഡിക്കൽ ഓഫീസർ

ഗവ. ആയുർവേദ ഡിസ്പൻസറിക്ക് മരുന്നുകൾ വാങ്ങുന്നതിനുള്ള പ്രൊജക്ടിന് 5 ലക്ഷം

രൂപയാണ് വകയിരുത്തിയത്. മേൽ ബിൽ പ്രകാരം തുക പിൻവലിച്ച് കേരള ആയുർവേദിക്ക് കോ.ഓപ്പറേറ്റീവ് ലിമിറ്റഡിന് മെഡിക്കൽ ഓഫീസർ കൈമാറിയിട്ടുണ്ട്. ഡിസ്പൻസറിയുടെ ദൈനംദിന നടത്തിപ്പിനാവശ്യമായ മരുന്നുകളുടെ ലഭ്യതക്കുറവ് ഔഷധിയിൽ നിലനിൽക്കുന്നുണ്ടെന്നും ആയതിനാൽ കേരള ആയുർവേദിക്ക് കോ.ഓപ്പറേറ്റീവ് ലിമിറ്റഡിൽ നിന്നും മരുന്നുകൾ വാങ്ങാൻ അനുവദിക്കണമെന്നുമുള്ള നിർവഹണ ഉദ്യോഗസ്ഥന്റെ കത്തിന്റെ അടിസ്ഥാനത്തിൽ ഭരണസമിതി തീരുമാനപ്രകാരമാണ് തുക ആയുർവേദിക് കോ.ഓപ്.സൊസൈറ്റിയിൽ അടവാക്കിയത്. സ്ഥാപനത്തിൽ നിന്നും മരുന്നുവാങ്ങിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. സ.ഉ.നമ്പർ 22/18 ത.സ്വ.ഭ.വ. 22/18 തി 14.2.18 ഖണ്ഡിക 7.5.3 പ്രകാരം ആയുർവേദ മരുന്നുകൾ വകുപ്പിൽ പ്രബല്യമുള്ള നിരക്കിൽ ഔഷധി, ആയുർധാര, പാട്യം സോഷ്യൽ സർവീസ് സൊസൈറ്റി എന്നിവയിൽ നിന്നോ, സർക്കാർ ഉത്തരവുപ്രകാരം വാങ്ങാൻ നിഷ്കർഷിക്കുന്ന മറ്റ് സ്ഥാപനങ്ങളിൽ നിന്നൊ വാങ്ങാവുന്നതാണ്. എന്നാൽ 2018-19 സാമ്പത്തിക വർഷത്തിൽ ആയുർവേദ മരുന്നുകൾ കേരള ആയുർവേദിക് കോ.ഓപ് സൊസൈറ്റിയിൽ നിന്നും വാങ്ങാൻ അനുവാദം നൽകികൊണ്ടുള്ള സർക്കാർ ഉത്തരവ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2. മേൽ സർക്കാർ ഉത്തരവുപ്രകാരം വകുപ്പിൽ പ്രാബല്യമുള്ള നിരക്കിലാണ് ആയുർവേദ മരുന്നുകൾ സ്ഥാപനം സപ്ലൈ ചെയ്യേണ്ടത്. എന്നാൽ അപ്രകാരമാണോ മരുന്നുകൾ ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമല്ല. കാഷ് ബില്ലിൽ മരുന്നിന്റെ പരമാവധി വിലയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

3. മരുന്നുകൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് സ്ഥാപനവുമായി നിർവഹണ ഉദ്യോഗസ്ഥൻ നിയമാനുസൃതം കരാറിലേർപ്പെട്ടിട്ടില്ല.

4. അടവാക്കിയ 5 ലക്ഷം രൂപയിൽ 487064 രൂപയുടെ മരുന്നുകളാണ് സ്ഥാപനത്തിൽ ലഭിച്ചിട്ടുള്ളൂ. അവശേഷിക്കുന്ന 12936 രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ നടപടികൾകൈകൊള്ളേണ്ടതാണ്.

അപാകതകൾക്ക് കാരണം വിശദമാക്കേണ്ടതാണ്. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവു തുക 5,00,000/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-24 സെക്രട്ടറി നടപ്പിലാക്കിയപ്രൊജക്ടുകൾ-വിനിയോഗവിവരം ലഭ്യമാക്കിയില്ല.

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി സാമ്പത്തിക വർഷത്തിൽ വിവിധ പ്രൊജക്ടുകൾ പ്രകാരം വാട്ടർ അതോറിറ്റി, I.K.M തിരുവനന്തപുരം എന്നിവിടങ്ങളിൽ തുക അടവാക്കിയിട്ടുണ്ട്. എന്നാൽ അടവാക്കിയ തുകയുടെ വിനിയോഗവിവരം ലഭ്യമായിട്ടില്ല. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| പ്രൊജക്ട് നമ്പർ/പേര് | വകയിരുത്തിയ തുക | അടവാക്കിയ സ്ഥാപനം | ബിൽ നമ്പർ/തിയ്യതി |
|---|---|---|---|

| | | | |
|---|---|---|---|
| വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 200000 | വാട്ടർ അതോറിറ്റി P.H.ഡിവിഷൻ | 24/18-19 തി.18.1.19 |
| I.K.M.വിഹിതം നൽകൽ | 49548 | I.K.M തിരുവനന്തപുരം | 7/18-19 തി.27.7.18 |

മേൽ തുകകളുടെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്. ചെലവു തുക 249548 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-25 ലഭ്യതപരിഗണിക്കാതെ പ്രൊജക്റ്റുകൾക്ക് തനതുഫണ്ട് വകയിരുത്തുന്നു.

സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് വിവിധ പ്രൊജക്റ്റുകൾക്കായി തുക വകയിരുത്തിയതിന്റെ വിശദവിവരം പരിശോധിച്ചതിൽ തനതു ഫണ്ടിന്റെ ലഭ്യത പരിഗണിക്കാതെ പ്രൊജക്റ്റുകൾക്കായി തനതു ഫണ്ട് വകയിരുത്തിയതായി കാണുന്നു. സ.ഉ.എം.എസ്.നമ്പർ 11/18/ ത.സ്വ.ഭ.വ.തി 29.1.18 ഖണ്ഡിക 5.1.(2) പ്രകാരം 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെയും ബന്ധപ്പെട്ട ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരം തനത്/പൊതുആവശ്യ ഫണ്ടിൽ നിന്നും നിർവഹിക്കേണ്ട അനിവാര്യ ചെലവുകൾക്കും അനുവദനീയമായ മറ്റ് ചെലവുകൾക്കും ആവശ്യമായതുക ബജറ്റിൽ മാറ്റിവെച്ച ശേഷം മിച്ചമുള്ള തുകയാണ് തനത് ഫണ്ട് സ്രോതസ്സായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. 2018-19 സാമ്പത്തിക വർഷത്തെ പ്രൊജക്റ്റുകൾക്കായുള്ള തനത് ഫണ്ട് വകയിരുത്തൽ പരിശോധിച്ചതിൽ വിവിധ പ്രൊജക്റ്റുകൾക്കായി 8610743 രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽ 4845835 രൂപ ചെലവഴിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. സാമ്പത്തിക വർഷത്തെ തനത് ഫണ്ട് നീക്കിയിരുപ്പ് പരിശോധിച്ചതിൽ പുറമേരി സർവീസ് കോ.ഓപ്.ബാങ്ക് എകൗണ്ടിൽ 4727290 രൂപ നീക്കിയിരിപ്പുണ്ട്. ട്രഷറി തനത് ഫണ്ട് എകൗണ്ടിൽ നീക്കിയിരിപ്പില്ല. നീക്കിയിരിപ്പുകാണിച്ചിട്ടുള്ള 4727290 രൂപയിൽ 2258419 രൂപ മറ്റ് പ്രത്യേകാവശ്യങ്ങൾക്ക് വിവിധ ഏജൻസികളിൽ നിന്നും ലഭിച്ച തുകയിൽ ചെലവഴിക്കാതെ തനത് ഫണ്ടിൽ അവശേഷിക്കുന്ന തുകയാണ് (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B4 കാണുക). കൂടാതെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B.7പ്രകാരം വിവിധ ഡപോസിറ്റ് ഇനത്തിൽ 457777 രൂപ തനത് ഫണ്ടിൽ ബാധ്യതയായി അവശേഷിക്കുന്നുണ്ട്.തനത് ഫണ്ടിൽ നിന്നും വിവിധ സ്ഥാപനങ്ങളിലേക്ക് അടവാക്കേണ്ടതും മറ്റ് ബാധ്യതകളുമായി ഷെഡ്യൂൾ B9 പ്രകാരം 994704 രൂപയുമുണ്ട്. അങ്ങനെ മൊത്തം 3710900 രൂപ തനത് ഫണ്ടിൽ മറ്റ് ബാധ്യതകളായി അവശേഷിക്കുന്നുണ്ട്. ഈ തുക തനത് ഫണ്ട് നീക്കിയിരിപ്പിൽ നിന്നും കുറവുചെയ്താൽ 1016390 രൂപ മാത്രമാണ് യഥാർത്ഥതനത് ഫണ്ട് നീക്കിയിരിപ്പുള്ളൂ. തനത് ഫണ്ടിൽ പ്രൊജക്റ്റുകൾക്കായി വകയിരുത്തിയ മുഴുവൻ തുകയും ചെലവഴിക്കപ്പെട്ടിരുന്നെങ്കിൽ പ്രൊജക്റ്റ് ചെലവുകൾക്ക് പണം അനുവദിക്കാൻ കഴിയാത്ത സ്ഥിതിവിശേഷം സംജാതമാകുമായിരുന്നു.

തനത് ഫണ്ട് ലഭ്യത പരിഗണിച്ച് മാത്രം പ്രൊജക്ടുകൾക്ക് തുകവകയിരുത്താൻ ശ്രദ്ധിക്കാവുന്നതാണ്.

## 1-26 ചെലവഴിക്കാതെ അവശേഷിക്കുന്ന ജില്ല/ബ്ലോക്ക് പഞ്ചായത്ത് വിഹിതം തിരിച്ചടവാക്കിയില്ല.

ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ ജില്ല/ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ മുൻ വർഷങ്ങളിൽ ഉൾപ്പെടെ ലഭിച്ച തുകയിൽ 246134 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നതായി കാണുന്നു. (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B4 കാണുക). ആയതിൽ 98067 രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ വരവുവന്നതിൽ ചെലവഴിക്കാതെ അവശേഷിക്കുന്നതും 148067 രൂപ ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ വരവുവന്നതിൽ ചെലവഴിക്കാത്ത തുകയുമാണ്. സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുള്ള A.C.R പരിശോധിച്ചതിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക മുൻവർഷങ്ങളിൽ കിണർ റീചാർജിനായി വന്നതുകയാണ്. ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയിൽ 50000 രൂപ മിൽക്ക് ഇൻസന്റീവ് ഇനത്തിൽ സാമ്പത്തിക വർഷത്തിൽ വരവുവന്നതും 98067 രൂപ മുൻവർഷങ്ങളിൽ കിണർ റീചാർജിനായി വരവുവന്ന തുകയുമാണ്. മേൽ തുകകൾ ചെലവഴിക്കുന്നതിന് നിലവിൽ പഞ്ചായത്തിൽ പ്രസ്തുത ആവശ്യങ്ങൾക്ക് ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതം വകയിരുത്തിയ സ്പിൽ ഓവർ പ്രൊജക്ടുകളൊന്നും ഇല്ല. ആയതിനാൽ മേൽ ഇനത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ അടവാക്കേണ്ടതാണ്.

## 1-27 പട്ടികജാതി വയോജനങ്ങൾക്ക് കട്ടിൽ- അർഹതയില്ലാത്തവർക്കും ആനുകൂല്യം വിതരണം ചെയ്തു.

പ്രൊജക്ട് നമ്പർ - 185/19

വകയിരുത്തിയ തുക - 52200

ചെലവുതുക - 52052 (ബിൽ നമ്പർ 6/18-19 തി18.1.19 -50000

ഓർഡർ നമ്പർ- 158/16.1.19 -2052

നിർവഹണം - അസിസ്റ്റന്റ് സെക്രട്ടറി

പട്ടികജാതിയിൽപ്പെട്ട വയോജനങ്ങൾക്ക് കട്ടിൽ നൽകുന്ന മേൽ പ്രൊജക്ട് പ്രകാരം 13 ഗുണഭോക്താക്കൾക്ക് ഫിഡ്കോ എന്റർ പ്രൈസസ് ഒളവണ്ണ എന്ന സ്ഥാപനത്തിൽ നിന്നും കട്ടിലുകൾ വാങ്ങിവിതരണം ചെയ്തിട്ടുണ്ട്. സ.ഉ(എം.എസ്)നമ്പർ 22/18/ത.സ്വ.ഭ.വ. തി.14.2.18 ഖണ്ഡിക 7.1.13 പ്രകാരം 60 വയസ് കഴിഞ്ഞ വയോജനങ്ങൾക്കാണ് കട്ടിലുകൾ ലഭിക്കാൻ അർഹത. എന്നാൽ ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ 60 വയസ് പൂർത്തിയാകാത്ത 2 പേർക്ക് ആനുകൂല്യം അനുവദിച്ചതായി കാണുന്നു. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | റിമാർക്സ് |
|---|---|
| ചന്ദ്രി, പുതിയെടുത്ത്. വാർഡ് -6 | 2161061259 നമ്പർ റേഷൻ കാർഡ് പ്രകാരം 45വയസ്. ആധാർ കാർഡ് പ്രകാരം ജനന വർഷം 1962 |
| വിമല കെ.പി, വി.കെ ഹൗസ്. ചാലപ്പുറം, വാർഡ്.6 | 2161061236 നമ്പർ റേഷൻ കാർഡ് പ്രകാരം വയസ്. 55 ആധാർ കാർഡ് പ്രകാരം ജനനവർഷം -1960 |

60 വയസ് പൂർത്തിയാകാത്ത ഗുണഭോക്താക്കൾക്ക് കട്ടിലുകൾ വിതരണം ചെയ്യാനുണ്ടായ കാരണം വിശദമാക്കിയിട്ടില്ല. അനർഹർക്ക് അനുവദിച്ച കട്ടിലിന്റെ വില ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. കട്ടിലിന്റെ വില 8008/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-28 എസ്.എസ്.എ.വിഹിതം നൽകൽ- സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടില്ല.

പ്രൊജക്ട് നമ്പർ – 35/18-19

വകയിരുത്തിയ തുക – 800000

ചെലവുതുക – 300000(ബിൽ നമ്പർ 2/18-19 തി 13.8.18)

നിർവഹണ ഉദ്യോഗസ്ഥൻ – ഹെഡ് മാസ്റ്റർ

S.S.A.ഉണേരി ഗ്രാമപഞ്ചായത്ത് വിഹിതമിനത്തിൽ മേൽ ബിൽ പ്രകാരം 300000 രൂപ പിൻവലിച്ച് നിർവഹണ ഉദ്യോഗസ്ഥൻ ജില്ലാ പ്രൊജക്ട് ഓഫീസർ S,S,A. കോഴിക്കോടിന് അടവാക്കിയിട്ടുണ്ട്. അടവാക്കിയ തുകയുടെ വിനിയോഗവിവരം ജില്ലാപ്രൊജക്ട് ഓഫീസർക്ക് ലഭ്യമാക്കിയിട്ടുണ്ട്. പ്രൊജക്ട് പ്രകാരം വകയിരുത്തിയ 800000 രൂപയിൽ 300000 രൂപ മാത്രമെ എസ്.എസ്.എ.ക്ക് അടവാക്കിയതായി കാണുന്നുള്ളൂ. തനത് ഫണ്ടിനത്തിൽ വകയിരുത്തിയ അഞ്ച് ലക്ഷം രൂപ നിർവഹണ ഉദ്യോഗസ്ഥൻ അടവാക്കിയിട്ടില്ല. 2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ S.S.A പ്രവർത്തനങ്ങൾക്കായി 32.34 ലക്ഷത്തിന്റെ വാർഷിക പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും ആയതിന്റെ ഗ്രാമപഞ്ചായത്ത് വിഹിതമിനത്തിൽ 12.97 ലക്ഷം രൂപ എസ്.എസ്.എ. ക്ക് അടവാക്കണമെന്നും S.S.A.ബ്ലോക്ക് പ്രൊഗ്രാം ഓഫീസർ പഞ്ചായത്ത് സെക്രട്ടറിയെ 31.7.18 ൽ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പ്രൊജക്ട് പ്രകാരം വകയിരുത്തിയ തുകപോലും എസ്.എസ്.എക്ക് അടവാക്കിയതായി കാണുന്നില്ല. സ.ഉ.(പി)നമ്പർ.11/18/ത.സ്വ.ഭ.വ. തി 29.1.18 ഖണ്ഡിക 7.6 പ്രകാരം

ഗ്രാമപഞ്ചായത്തുകൾ നിശ്ചയിക്കുന്ന തുക എസ്.എസ്.എ പ്രൊജക്ടുകൾക്ക് വകയിരുത്തണമെന്നും പ്രൊജക്ടുകളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ ഗ്രാമപഞ്ചായത്ത് മുഖ്യ പങ്കാളിയാവണമെന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ പഞ്ചായത്ത് മാർഗരേഖ പ്രകാരമുള്ള രണ്ട് നിർദ്ദേശങ്ങളും പാലിച്ചതായി കാണുന്നില്ല. പ്രൊജക്ട് വിശദാംശങ്ങൾ തയ്യാറാക്കുന്ന കാര്യത്തിലും, എസ്.എസ്.എ.പ്രൊജക്ടിന് വകയിരുത്തിയ തുക അടവാക്കുന്ന കാര്യത്തിലും വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പോ, ആരോഗ്യം വിദ്യാഭ്യാസ്റ്റാന്റിംഗ് കമ്മറ്റിയോ ആവശ്യമായ ഇടപെടലുകൾ നടത്തിയതായി കാണുന്നില്ല. അപാകതകൾക്ക് കാരണം വിശദമാക്കേണ്ടതാണ്.

## **1-29** സർക്കാർ പ്രൈമറി സ്കൂളുകളിൽ പ്രഭാത ഭക്ഷണം- പ്രൊജക്ട് നടപ്പിലാക്കിയതിൽ വീഴ്ച

പ്രൊജക്ട് നമ്പർ – 38/19

വകയിരുത്തിയ തുക – 60000

ചെലവുതുക – 58894
ബിൽ നമ്പർ – 3/18-19 തി21.2.19- 37136

ബിൽ നമ്പർ – 4/18-19 തി 27.2.19-12864

ചെക്ക് നമ്പർ- 100352 തി.27.2.19 - 8894)

പഞ്ചായത്ത് പരിധിയിലുള്ള സർക്കാർ പ്രൈമറി സ്കൂളുകളിലെ കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയിരുന്നത്. പഞ്ചായത്ത് പരിധിയിൽ രണ്ട് സർക്കാർ പ്രൈമറി വിദ്യാലയങ്ങളാണുള്ളതെന്ന് നിർവഹണ ഉദ്യോഗസ്ഥനായ ഹെഡ്മാസ്റ്റർ അറിയിച്ചു. ആയതിൽ ഒന്നായ ഗവ. എം.എൽ.പി.സ്കൂൾ കണ്ണൂകൈയിലെ ഒന്നുമുതൽ നാല് വരെ ക്ലാസിലെ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം നൽകുന്നതിനാണ് നിർവഹണ ഉദ്യോഗസ്ഥൻ മുഴുവൻ തുകയും ചെലവഴിച്ചിരിക്കുന്നത്. മറ്റൊരു സർക്കാർ വിദ്യാലയമായ ഗവ.എം എൽ.പി.സ്കൂൾ തുണേരിയിലെ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം നൽകിയതായി കാണുന്നില്ല. വിദ്യാർത്ഥികളുടെ അറ്റന്റൻസ് രജിസ്റ്റർ പരിശോധിച്ചതിൽ പ്രഭാത ഭക്ഷണം വിരരണം ചെയ്ത സ്കൂളിൽ 1 മുതൽ 4 വരെ ക്ലാസുകളിലായി ആകെ 43 വിദ്യാർത്ഥികൾ മാത്രമെ ഹാജരുള്ളൂ. പ്രൊജക്ട് പ്രകാരം 200 സർക്കാർ പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണത്തിന് വകയിരുത്തിയ തുകയാണ് 43 വിദ്യാർത്ഥികൾക്കായി ചെലവഴിച്ചിരിക്കുന്നത്. പ്രഭാത ഭക്ഷണമായി വിതരണം ചെയ്തവയിൽ പഴം, മുട്ട, പാൽ, ഹോർലിക്സ് മുതലായവ ഉൾപ്പെടുന്നു. പ്രൊജക്ടിൽ വിഭാവനം ചെയ്തതിന് വിരുദ്ധമായി ഗവ.എം.എൽ.പി തുണേരിയിലെ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം വിതരണം ചെയ്യാതെ ജി.എം.എൽ.പി.സ്കൂൾ കണ്ണൂകൈയിലെ വിദ്യാർത്ഥികൾക്ക് മാത്രം വിതരണം ചെയ്യാനുണ്ടായ കാരണം വിശദീകരിക്കേണ്ടതാണ്.

## 1-30 ക്ഷീരകർഷകർക്ക് അളക്കുന്ന പാലിന് ഇൻസന്റീവ്- പ്രൊജക്കിന് ആവശ്യത്തിൽ കൂടുതൽ തുക വകയിരുത്തിയതിനാൽ ജില്ലാപഞ്ചായത്ത് വിഹിതം വിനിയോഗിക്കപ്പെട്ടില്ല.

പ്രൊജക്ട് നമ്പർ - 53/19

വകയിരുത്തിയ തുക - 535000

ചെലവു തുക - 485000

നിർവഹണം - ക്ഷീരവികസന ഓഫീസർ

മേൽ പ്രൊജക്ട് പ്രകാരം ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന 126 ക്ഷീര കർഷകർക്ക് 2018 ഏപ്രിൽ മുതൽ 2019 മാർച്ച് വരെയുള്ള കാലയളവിൽ പാൽ അളന്നതിനുള്ള ഇൻസന്റീവ് ഇനത്തിൽ ലിറ്ററൊന്നിന് 4 രൂപ പ്രകാരം 485000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഗുണഭോക്തൃ ലിസ്റ്റിൽ പെട്ട സാമ്പത്തിക വർഷത്തിൽ പാൽ അളന്ന മുഴുവൻ കർഷകർക്കും ആനുകൂല്യം നൽകിയതിനാൽ ജില്ലാപഞ്ചായത്ത് വിഹിതം ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് നിർവഹണ ഉദ്യോഗസ്ഥ ഓഡിറ്റ് വേളയിൽ അറിയിച്ചു. 50000 രൂപയാണ് ഈ ഇനത്തിൽ സാമ്പത്തിക വർഷത്തിൽ വരവുവന്നിരിക്കുന്നത്. തുക പഞ്ചായത്തിന്റെ ജോയിന്റ് വെഞ്ചർ എകൗണ്ടിൽ അവശേഷിച്ചിരിക്കയാണ്. പഞ്ചായത്തിന്റെ 2017-22 13ാം പഞ്ചവത്സര പദ്ധതി സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം 16-17 കാലയളവിൽ പഞ്ചായത്തിലെ പാൽ ഉത്പാദനം 260000 ലിറ്ററാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ കൈവരിക്കേണ്ട ലക്ഷ്യം 3,60,000 ലിറ്ററുമാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 121240 ലിറ്റർ പാലിന് മാത്രമെ ഉത്പാദകർക്ക് സാമ്പത്തിക വർഷത്തിൽ ഇൻസന്റീവ് അനുവദിച്ചിട്ടുള്ളൂ. ഇതിൽ നിന്നും പഞ്ചവത്സര പദ്ധതി കാലയളവിൽ പഞ്ചായത്തിന്റെ പാൽ ഉത്പാദനം വർദ്ധിക്കുന്നതിന് പകരം കുറഞ്ഞുവരുന്നതായി കാണുന്നു. അല്ലെങ്കിൽ അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ലെന്ന് വ്യക്തമാവുന്നു. പാൽ ഇൻസന്റീവിനായി വകയിരുത്തി ജില്ലാപഞ്ചായത്ത് വിഹിതമിനത്തിൽ ലഭ്യമായ തുക ചെലവഴിക്കാതെ നഷ്ടപ്പെടുന്നത് സംബന്ധിച്ച് മൃഗസംരക്ഷണം ക്ഷീരവികസനം വർക്കിംഗ് ഗ്രൂപ്പിലോ, വികസനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയിലോ ചർച്ചകൾ നടന്നതായി കാണുന്നില്ല. അപാകതകൾക്ക് കാരണം വിശദമാക്കേണ്ടതാണ്.

## 1-31 മരാമത്ത് മേഖലയിലെ പ്രൊജക്ടുകൾ - അവലോകനം

വികസന സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ പരിധിയിൽ വരുന്ന മരാമത്ത് മേഖലയിൽ തൻവർഷം ആകെ 110 പ്രൊജക്ടുൾക്ക് ഡി.പി.സി അംഗീകാരം നല്കിയതിൽ 88 എണ്ണം പുതിയവയും 22 സ്പിൽ ഓവറുമാണ്. ഇതിൽ 18 പ്രൊജക്ടുകളാണ് തീരെ നടപ്പാക്കാത്തത്. (13 പുതിയ പ്രൊജക്ടുകളും 5 സ്പിൽ ഓവർ പ്രൊജക്ടുകളും. നടപ്പാക്കിയ 92 പ്രൊജക്ടുകളിൽ 75 എണ്ണം പുതിയ പ്രൊജക്ടുകളാണ്. മരാമത്ത് മേഖലയിൽ അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി

നടപ്പാക്കേണ്ട പദ്ധതികൾക്കായി തൻവർഷം 29581974 രൂപ വകയിരുത്തിയതിൽ 22803561 രൂപ ചെലവഴിച്ചിട്ടുണ്ട്. മുൻവർഷങ്ങളിൽ പ്രവൃത്തി പൂർത്തിയാക്കിയിട്ടും യഥാസമയം തുക നല്കാൻ കഴിയാത്തത് കാരണം സ്പിൽ ഓവറായി തുക ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്. തൻവർഷത്തെ വികസന പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് ഈ ആവശ്യത്തിനായി വിനിയോഗിക്കേണ്ടി വരുന്നത് വികസന വേഗത്തെ മന്ദീഭവിപ്പിക്കുമെന്നതിനാൽ പ്രൊജക്ടുകൾ സമയബന്ധിതമായി നടപ്പാക്കുന്നതിനും ബിൽ തുക യഥാസമയം നല്കുന്നതിനും ശ്രദ്ധിക്കേണ്ടതുണ്ട്. ഒരു അസി. എഞ്ചിനീയർ, രണ്ട് പഞ്ചായത്തുകളുടെ ചുമതലയുള്ള 3 ഓവർസിയർമാർ എന്നിവരടങ്ങിയ എഞ്ചിനീയറിങ്ങ് വിഭാഗത്തെ ഉപയോഗിച്ച് മരാമത്ത് മേഖലയിലെ പ്രൊജക്ടുകളുടെ ആസൂത്രണം, നിർവ്വഹണം, മോണിറ്ററിങ്ങ് എന്നിവ ഫലപ്രദമാക്കുന്നതിന് ഈ മേഖലയിലെ പ്രൊജക്ടുകളുടെ എണ്ണം കുറക്കേണ്ടതുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പഞ്ചായത്തിനെ ഒറ്റയൂണിറ്റായി കണ്ട്, വിഭവ പരിധിക്കുള്ളിൽ നിന്നുകൊണ്ട് മുൻഗണനാടിസ്ഥാനത്തിൽ പ്രൊജക്ടുകൾ തെരഞ്ഞെടുത്ത് പദ്ധതിക്ക് രൂപം നല്കുക, ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രൊജക്ടുകൾ, വിഭവങ്ങളെ നേരിയ തോതിൽ വിന്യസിച്ചുകൊണ്ടുള്ള പ്രൊജക്ടുകൾ എന്നിവ ഒഴിവാക്കുക തുടങ്ങി 13ാം പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പ്രൊജക്ടുകളുടെ എണ്ണം കുറയ്ക്കാൻ കഴിയും. ഒരേ റോഡിന്റെ ഒരേ പ്രവൃത്തികൾക്ക്, വ്യത്യസ്ഥ ചെയിനേജുകളിലായി പ്രത്യകം പ്രത്യേകം പ്രൊജക്ടുകൾ രൂപീകരിക്കുന്നത് വിഭവങ്ങളെ നേരിയ തോതിൽ വിന്യസിക്കലാണ്. (ഉദാ - പാലത്തിൽ മുക്ക് ചെരിപ്പൊളി റോഡ് (0/0 – 0/280 മീറ്റർ പ്രവൃത്തിക്കും 0/280 -0/450 മീറ്റർ പ്രവൃത്തിക്കും 158/19, 145/19 എന്നിങ്ങനെ രണ്ട് പ്രൊജക്ടുകൾ 2017 – 18 വർഷം കരാർ വെച്ച പ്രകാരം സ്പിൽ ഓവറായി നടപ്പാക്കിയിട്ടുണ്ട്.

മരാമത്ത് വർക്കിങ്ങ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ 9.5.17, 8.2.18, 15.3.18, 3.11.18, 13.1.2020 തീയതികളിലായി യോഗം ചേർന്നതായി കാണുന്നു. മരാമത്ത് മേഖലയിൽ നടപ്പാക്കേണ്ട വിവിധ പ്രൊജക്ടുകൾ ശുപാർശ ചെയ്തതായി കാണുന്നുണ്ടെങ്കിലും, നിർവ്വഹണ പുരോഗതി അവലോകനം ചെയ്യുന്നതിനോ കൃത്യമായ മോണിറ്ററിങ്ങിന് വിധേയമാക്കിയതോ സംബന്ധിച്ച് യാതൊരു ഇടപെടലും നടന്നതായി കാണുന്നില്ല. മാത്രമല്ല, വലിയ ഇടവേളകൾക്ക് ശേഷം മാത്രമാണ് യോഗം ചേർന്നതായി കാണുന്നുള്ളു. വർക്കിങ്ങ് ഗ്രൂപ്പിനെ ശക്തിപ്പെടുത്തുന്നതിനും, മരാമത്ത് മേഖലയിലെ പ്രവർത്തികൾ ഫലപ്രദമായി നിർവ്വഹിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിനും വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി ജാഗ്രത പുലർത്തേണ്ടതാണ്.

## 1-32 പ്രവർത്തനക്ഷമമായ തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം ലഭ്യമല്ല - കെ.എസ്.ഇ.ബി യ്ക്ക് ഡിമാന്റ് അനുസരിച്ച് പണം ഒടുക്കുന്നു - പഞ്ചായത്ത് ഫണ്ടിന് നഷ്ടം

2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക പ്രകാരവും സ്ഥാപനത്തിലെ തനത് ഫണ്ട് വൗച്ചറുകൾ പ്രകാരവും തെരുവ് വിളക്കുകളുടെ ഊർജ്ജ വിനിയോഗ ചെലവിനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തൻവർഷം 2,17,605/- രൂപ കെ.എസ്.ഇ.ബി യ്ക്ക് അടവാക്കിയിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിൽ നിലവിലുള്ള തെരുവ് വിളക്ക് രജിസ്റ്റർ അപൂർണ്ണമാണ്. വാർഡടിസ്ഥാനത്തിൽ പ്രവർത്തനക്ഷമം ആയവയും അല്ലാത്തവയുമായ

തെരുവ് വിളക്കുകളുടെ കൃത്യമായ വിവരം ലഭ്യമല്ല. ഈ സാഹചര്യത്തിൽ കെ.എസ്.ഇ.ബി യ്ക്ക് അവരുടെ ഡിമാന്റിനെ മാത്രം ആശ്രയിച്ച് പണം ഒടുക്കുന്നത് പഞ്ചായത്ത് ഫണ്ടിന് നഷ്ടം വരുത്തുന്നുണ്ട്.

പഞ്ചായത്ത്, കെ.എസ്.ഇ.ബി യുമായി ചേർന്ന് വാർഡ് അടിസ്ഥാനത്തിൽ ഒരു സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ ഒരു ഡാറ്റ തയ്യാറാക്കുകയും തെരുവ് വിളക്ക് രജിസ്റ്റർ കാലികമാക്കുകയും ചെയ്യേണ്ടതാണ്. വാർഡ്/സെക്ഷൻ അടിസ്ഥാനത്തിൽ ഊർജ്ജ മീറ്ററുകൾ സ്ഥാപിച്ച് ഉപയോഗിച്ച ഊർജ്ജത്തിനു മാത്രം പണം ഒടുക്കാൻ ശ്രദ്ധിക്കേണ്ടതും ഈ വിഷയത്തിൽ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കാര്യക്ഷമമായ ഇടപെടൽ അത്യാവശ്യമാണ്.

## 1-33 പഞ്ചായത്തിലെ വിവിധ വാർഡുകളിൽ പ്രവർത്തനക്ഷമമായ പൊതു ടാപ്പുകളുടെ വിവരം ലഭ്യമല്ലാതെ കേരളാ വാട്ടർ അതോറിറ്റിക്ക് വാട്ടർ ചാർജ്ജ് ഒടുക്കുന്നു - പഞ്ചായത്ത് ഫണ്ടിന് നഷ്ടം

വാർഷിക ധനകാര്യ പത്രിക പ്രകാരവും തനത് ഫണ്ട് വൗച്ചറുകൾ പ്രകാരവും ഓഡിറ്റ് വർഷം പ്രതിമാസം 13125/- രൂപ നിരക്കിൽ 157500/- രൂപ പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ വാട്ടർ അതോറിറ്റിക്ക് ഒടുക്കിയിട്ടുണ്ട്. പ്രവർത്തനക്ഷമമായ ടാപ്പുകളുടെ കൃത്യമായ കണക്കിന്റെ അഭാവത്തിൽ വാട്ടർ അതോറിറ്റിക്ക് പണം ഒടുക്കുന്നതിലൂടെ പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാകുന്നുണ്ട്.

പൊതുടാപ്പുകളുടെ രജിസ്റ്റർ പ്രകാരം 2016-17 സാമ്പത്തിക വർഷം മുതൽ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും കൂടി 30 പൊതുടാപ്പുകൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ടി വർഷം മുതൽ ഓഡിറ്റ് വർഷം വരെ പ്രതിമാസം 13125/- രൂപ നിരക്കിലാണ് വെള്ളക്കരം ഒടുക്കി വരുന്നത്. എന്നാൽ ഓഡിറ്റ് വർഷം ഇവയിൽ എത്രയെണ്ണം പ്രവർത്തനക്ഷമമാണെന്ന് വ്യക്തമല്ല. പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം കണക്കാക്കുവാൻ വാർഡടിസ്ഥാനത്തിൽ ഫീൽഡ് പരിശോധന നടത്തുകയും രജിസ്റ്റർ കാലികമാക്കുകയും ചെയ്യേണ്ടതാണ്. യഥാർത്ഥ ഉപയോഗത്തിനാണ് കേരളാ വാട്ടർ അതോറിറ്റിക്ക് പണം ഒടുക്കുന്നു എന്ന് സ്ഥാപനം ഉറപ്പ് വരുത്തേണ്ടതാണ്. പഞ്ചായത്ത് ഈ വിഷയത്തിൽ സ്വീകരിച്ച നടപടി ഓഡിറ്റിനെ അറിയിച്ച് പരാമർശം ഒഴിവാക്കേണ്ടതാണ്.

ടി വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ കാര്യക്ഷമമല്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-34 ശമ്പളപരിഷ്കരണ കുടിശ്ശിക ജീവനക്കാരുടെ പി.എഫ്

## അക്കൗണ്ടിൽ ഒടുക്കൽ - ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടില്ല

ജി.ഒ(പി)നം.50/2018/ഫിൻ. തീയതി 26.03.2018 പ്രകാരം ശമ്പളപരിഷ്കരണ കുടിശ്ശികയുടെ തുക 01.10.2017 മുതൽ 31.03.2018 വരെയുള്ളത് 7.6% പലിശ സഹിതം പി.എഫ് അക്കൗണ്ടിലേക്ക് ഒടുക്കേണ്ടതാണെന്ന് ഉത്തരവായ സാഹചര്യത്തിൽ 31.10.2016ന് ഈ പഞ്ചായത്തിൽ ജോലി ചെയ്തിരുന്ന 10 ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക അതാത് ജീവനക്കാരുടെ പി.എഫ് അക്കൗണ്ടിലേക്ക് ഒടുക്ക് വരുത്തിയതിന്റെ ബിൽ വിവരം ചുവടെ ചേർക്കുന്നു :

| തനത് ഫണ്ട് വൗച്ചർ നം. | തീയതി | തുക | ചെക്ക് നം. | തീയതി | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|---|
| 21800079 | 03.05.18 | 47,099 | 1592247 | 03.05.18 | 3 |
| 21800080 | 03.05.18 | 1,26,280 | 1592247 | 03.05.18 | 7 |

ടി ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിന് ആനുപാതികമായ പെൻഷൻ കോൺട്രബ്യൂഷൻ അടവാക്കിയിട്ടില്ല. ആയത് അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-35 തെളിമയാർന്ന തുണേരി

തുണേരി ഗ്രാമപഞ്ചായത്ത് മാലിന്യ സംസ്കരണ മേഖലയിൽ തെളിമയാർന്ന തുണേരി എന്നപേരിലാണ് പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നത്. മാലിന്യ സംസ്കരണം ലക്ഷ്യം വെച്ചുകൊണ്ട് വിവിധ പ്രൊജക്ടുകൾക്ക് ഗ്രാമപഞ്ചായത്ത് തുക വകയിരുത്തിയിരുന്നെങ്കിലും വിവിധ കാരണങ്ങളാൽ അവയൊന്നുംതന്നെ നടപ്പിലാക്കി പൂർത്തീകരിക്കാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. 2018-19 സാമ്പത്തിക വർഷത്തിൽ മേഖലയിൽ പഞ്ചായത്ത് വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും വിശദവിവരം താഴെക്കൊടുക്കുന്നു.

| പ്രൊജക്ട് നമ്പർ | പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 42/19 | ഹരിത കർമ്മസേനക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് | 673750 | 347625 |
| 179/19 | ഹരിതകർമ്മസേന രൂപീകരണം | 1440000 | - |
| 268/19 | റിംഗ് കമ്പോസ്റ്റ് | 200000 | 34860 |

| | | | |
|---|---|---|---|
| 176/19 | എം .സി.എഫ് കേന്ദ്രത്തിന് കെട്ടിട നിർമ്മാണം | 1150000 | - |

സ.ഉ.(എം.എസ്)നമ്പർ 11/18/ത.സ്വ.ഭ.വ. തി 29.1.18 ഖണ്ഡിക 7.1.സി പ്രകാരം ഓരോപ്രദേശത്തെയും മാലിന്യമുക്തമാക്കുന്നതിനായി ജൈവമാലിന്യം ഉറവിടത്തിൽ തന്നെ പരിപാലിക്കുക, അജൈവമാലിന്യങ്ങൾ പുനചംക്രമണത്തിന് വിധേയമാക്കുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുക എന്നിവയായിരിക്കണം മാലിന്യ സംസ്കരണ മേഖലയിലെ പ്രവർത്തനങ്ങളെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ജൈവമാലിന്യങ്ങൾ ഉറവിടത്തിൽതന്നെ സംസ്കരിക്കുന്നതിനുതകുന്ന പ്രൊജക്ടായ റിഗ് കമ്പോസ്റ്റ് വീടുകളിൽ സപ്ലൈ ചെയ്യുന്നതിനായി റെയ്ഡ്കോക്ക് 34860 രൂപ അടവാക്കിയതല്ലാതെ സാമ്പത്തിക വർഷത്തിൽ തുടർ പ്രവർത്തനങ്ങളൊന്നും നടന്നതായി കാണുന്നില്ല. ജൈവമാലിന്യങ്ങൾ ജൈവവള ഉത്പാദനത്തിനും, ഊർജോത്പാദനത്തിനും ഉപയോഗപ്പെടുത്തുന്ന പ്രൊജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ നിഷ്കർഷിക്കുന്നുണ്ടെങ്കിലും അത്തരം പ്രൊജക്ടുകൾക്കും ഗ്രാമപഞ്ചായത്തിൽ തുക വകയിരുത്തുകയോ, ചെലവഴിക്കുകയോ ചെയ്തിട്ടില്ല.

അജൈവമാലിന്യ ശേഖരണത്തിനുള്ള എംസി.എഫ് കേന്ദ്രത്തിന് കെട്ടിട നിർമ്മാണത്തിനായി 1150000 രൂപ വകയിരുത്തി 2017-18 പ്രൊജക്ട് തയ്യാറാക്കിയിരുന്നെങ്കിലും പരിസരവാസികളുടെ എതിർപ്പുകാരണം ആയത് 2018-19 സാമ്പത്തിക വർഷത്തിലും നിർമ്മിക്കാൻ കഴിഞ്ഞിട്ടില്ല. എം.ആർ.എഫ്.കേന്ദ്രം നിർമ്മിക്കാൻ പകരം സ്ഥലം ലഭിച്ചിട്ടില്ലാത്തതിനാൽ മാലിന്യശേഖരണം പരിഹരിക്കപ്പെടാത്ത പ്രശ്നമായി പഞ്ചായത്തിൽ അവശേഷിക്കുന്നു. മാലിന്യ ശേഖരണത്തോടൊപ്പം തന്നെ ആയത് സംസ്കരിക്കാനുള്ള പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റും പഞ്ചായത്തിൽ സ്ഥാപിക്കേണ്ടതുണ്ട്. ബ്ലോക്ക് പഞ്ചായത്ത് തലത്തിലും അജൈവമാലിന്യ ശേഖരണത്തിനുള്ള എം.ആർ.എഫ് കേന്ദ്രമോ, പുനചംക്രമണത്തിനോ വിധേയമാക്കുന്നതിനുള്ള ഷ്രഡിംഗ് യൂണിറ്റോ സ്ഥാപിക്കപ്പെട്ടിട്ടില്ലാത്തത് അജൈവമാലിന്യ സംസ്കരണം ഒരു പ്രശ്നമായി പഞ്ചായത്തിൽ അവശേഷിക്കുന്നു.

പഞ്ചായത്തിലെ 15വാർഡുകളിലും ഹരിതകർമ്മസേനകൾ രൂപീകരിച്ച് അവരുടെ നേതൃത്വത്തിൽ പഞ്ചായത്തിലെ മാലിന്യങ്ങൾ 2019 ഫെബ്രുവരി മാസം മുതൽ ശേഖരിച്ചുവരുന്നുണ്ട്. ഹരിതകർമ്മസേന പ്രവർത്തനം ആരംഭിക്കുന്നത് വരെ പഞ്ചായത്തിലെ അജൈവമാലിന്യ ശേഖരണത്തിന് ഒരു സ്ഥിരം സംവിധാനം ഉണ്ടായിരുന്നില്ല. പഞ്ചായത്ത് അധീനതയിൽ അജൈവമാലിന്യങ്ങൾ സംഭരിച്ചുവെക്കാൻ സംവിധാനമില്ലാത്തതിനാൽ വാടകകെട്ടിടത്തിലാണ് ഇപ്പോൾ ആയത് സംഭരിച്ചുവരുന്നത്. ഇങ്ങനെ വിവിധ വീടുകളിൽ നിന്നും കടകളിൽ നിന്നുംമറ്റും ഹരിതകർമ്മ സേനകൾ ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ തരം തിരിക്കാതെ കയറ്റി അയക്കുന്നതിനായി ടെണ്ടർ നടപടികളിലൂടെ നിറവ് സീറോവേസ്റ്റ് മാനേജ് മെന്റ് എന്നസ്ഥാപനത്തെ ഏൽപിക്കുകയും മാലിന്യം ലോഡ് ഒന്നിന് നിശ്ചിത നിരക്കു പ്രകാരം സ്ഥാപനം മാലിന്യങ്ങൾ കയറ്റി കൊണ്ടുപോകുകയും ചെയ്തിട്ടുണ്ട്. മാലിന്യങ്ങൾ കയറ്റി അയക്കുന്നതിനും ഹരിതകർമ്മ സേനാംഗങ്ങൾക്കുള്ള വേതനം, മറ്റ് ചെലവുകൾ എന്നിവക്കായി 736741 രൂപ സാമ്പത്തിക വർഷത്തിൽ ചെലവഴിക്കപ്പെട്ടിട്ടുണ്ട്. ഹരിതകർമ്മ സേനാംഗങ്ങൾ വീടുകളിൽ നിന്നും മാലിന്യം ശേഖരിക്കുമ്പോൾ വീടുകളിൽ നിന്നും നിശ്ചിത ഫീസ് ഈടാക്കിവരുന്നുണ്ട്. ആയതിന് പ്രത്യേക ബാങ്ക് എകൗണ്ടും സൂക്ഷിക്കുന്നതായി വി.ഇ.ഒ.

അറിയിച്ചു. ആയതിന്റെ വരവ് ചെലവ് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഹരിതകർമ്മ സേനാംഗങ്ങൾക്ക് ആവശ്യമായ യൂണിഫോം. മറ്റ് ഉപകരണങ്ങൾ എന്നിവ പഞ്ചായത്ത് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

മേഖലയിലെ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രവർത്തനം പരിശോധിച്ചതിൽ മാലിന്യ ശേഖരണത്തിനും ഹരിതകർമ്മ സേനകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും ശ്രദ്ധ പതിപ്പിക്കുന്നതായി കാണുന്നു. അതിനോടൊപ്പം തന്നെ പഞ്ചായത്തിലെ പൊതു കുളങ്ങളും മറ്റ് ജലാശയങ്ങളും സന്നദ്ധ പ്രവർത്തനത്തിലൂടെ ശുചീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ തുടർ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിൽ മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ്കമ്മറ്റി ആവശ്യമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്.

മാലിന്യങ്ങൾ കയറ്റി അയക്കുക എന്ന താത്കാലിക സംവിധാനം ഒഴിവാക്കി അജൈവമാലിന്യങ്ങൾ ശേഖരിക്കുന്നതിനും ആയത് പുന ചംക്രമണത്തിന വിധേയമാക്കുന്നതിനുമുള്ള സംവിധാനം ഗ്രാമപഞ്ചായത്ത് തലത്തിൽ ഒരുക്കുന്നതോടൊപ്പം സർക്കാർ നിർദ്ദേശപ്രകാരം ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുതകുന്ന പ്രൊജക്ടുകളും ഏറ്റടുത്ത് നടപ്പിലാക്കി പഞ്ചായത്തിലെ മാലിന്യ സംസ്കരണ മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാവുന്നതാണ്.

# 1-36 ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം സാമ്പത്തിക വർഷം വരെ 3989 കുടുംബങ്ങളിൽ നിന്നായി 5570 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിൽ 3009 കുടുംബങ്ങളിൽ നിന്നായി 3378 പേർ തൊഴിലിനായി അപേക്ഷിക്കുകയും അത്രയും പേർക്ക് തൊഴിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ തയ്യാറാക്കിയ ആക്ഷൻ പ്ലാൻ പ്രകാരം 347 പ്രവൃത്തികൾക്കായി 6,60,00,000/- രൂപ വകയിരുത്തിയതിൽ 131 പ്രവൃത്തികളിലായി 3,96,56,193/- രൂപ ചെലവഴിക്കപ്പെട്ടിട്ടുണ്ട്. സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളിലൂടെ 126260 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുകയും തൊഴിലാളികളുടെ കൂലി ഇനത്തിൽ 3,47,86,889/- രൂപ ചെലവഴിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ആയതിൽ 435 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനം ലഭ്യമായിട്ടുണ്ട്. സാമ്പത്തിക വർഷത്തിൽ പൂർത്തീകരിച്ച പ്രവൃത്തികളിൽ ഭൂരിഭാഗവും മണ്ണ് ജല സംരക്ഷണ പ്രവൃത്തികളാണ്. 2018-19 വർഷം 56 മെറ്റീരിയൽ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും 2019-20 സാമ്പത്തിക വർഷത്തിലാണ് ആയതിന്റെ ചെലവുവന്നിരിക്കുന്നത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലാളികളുടെ കൂലി രണ്ടാഴ്ചയിലൊരു ദിവസം നൽകേണ്ടതും യാതൊരു കാരണവശാലും മസ്റ്റർ റോൾ ക്ലോസ് ചെയ്ത തീയതി മുതൽ 15 ദിവസത്തിൽ അധികരിക്കാൻ പാടില്ലാത്തതുമാണ്. എന്നാൽ സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളിൽ ഒന്നും തന്നെ നിശ്ചിത സമയപരിധിക്കുള്ളിൽ തൊഴിലാളികളുടെ വേതന വിതരണം നടത്തിക്കാണുന്നില്ല.

## 1-37 ലൈഫ് ഭവനപദ്ധതി -അവലോകനം

അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭൂരഹിതരായ ഭവനരഹിതർക്കും സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്നതിനും സാമൂഹിക പ്രക്രിയകളിൽ മാന്യമായി ഭാഗഭാക്കാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമ പദ്ധതികളുടെയും പ്രയോജനം കേന്ദ്രീകരിക്കാനും ഉതകുന്ന സുരക്ഷിതവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക എന്നതാണ് ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ ലക്ഷ്യം. ഭൂമിയുള്ള ഭവന രഹിതർ, ഭൂമിയില്ലാത്ത ഭവന രഹിതർ, ഭവന നിർമ്മാണം പൂർത്തിയാക്കാത്തവർ/വാസയോഗ്യമല്ലാത്ത ഭവനം ഉള്ളവർ, പുറമ്പോക്കിലോ, തീരദേശ മേഖലയിലോ, തോട്ടം മേഖലയിലോ താൽക്കാലിക ഭവനമുള്ളവർ എന്നിവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഭവന പദ്ധതികൾ സംയോജിപ്പിച്ചാണ് ലൈഫ് ഭവന പദ്ധതി സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതിയുടെ നടത്തിപ്പിനായി ബഹു.മുഖ്യമന്ത്രി അദ്ധ്യക്ഷനും, ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സഹ അദ്ധ്യക്ഷനുമായ സംസ്ഥാനതല പാർപ്പിട മിഷൻ രൂപീകരിച്ചിട്ടുണ്ട്. 3 ഘട്ടങ്ങളിലായി നടപ്പിലാക്കുവാനാണ് ലൈഫ് വിഭാവനം ചെയ്തിരിക്കുന്നത്.

2017-18 സാമ്പത്തിക വർഷത്തിലാണ് ലൈഫ് ഭവന പദ്ധതി തുണേരി ഗ്രാമപഞ്ചായത്തിൽ ആരംഭിച്ചത്. പൂർത്തിയാക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം (സ്പിൽ ഓവർ-ജനറൽ), പൂർത്തിയാക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം (സ്പിൽ ഓവർ-എസ്സ്.സി & സ്പിൽ ഓവർ-എസ്സ്.ടി ) പദ്ധതിയിൽ ആകെ ഒരു ഗുണഭോക്താവാണ് ഉണ്ടായിരുന്നത്. ടിയാൻ ലൈഫ് ഒന്നാം ഘട്ടത്തിൽ അധിക ധനസഹായം ലഭിച്ച് വീട് പണി പൂർത്തീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ആദ്യ ഘട്ടത്തിൽ ലഭിച്ച തുക : 2,25,000/-

അധിക ധനസഹായമായി ലഭിച്ചത് : 40,000/-

ആകെ ലഭിച്ചത് : 2,65.000/-

2018-19 സാമ്പത്തിക വർഷത്തിൽ ലൈഫ് 2-ാം ഘട്ടത്തിൽ ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനനിർമ്മാണ ധനസഹായം പദ്ധതിയിൽ പൊതു വിഭാഗത്തിൽ ആകെ 67 പേർ സ്ഥാപനവുമായി എഗ്രിമെന്റ് വെച്ചു. പ്രസ്തുത സാമ്പത്തിക വർഷം 8 പേർ വീട് പണി പൂർത്തീകരിച്ചു.

2019-20 സാമ്പത്തിക വർഷത്തിൽ ഒരാൾ കൂടി എഗ്രിമെന്റ് വെച്ചതോടെ ആകെ ഗുണഭേക്താക്കളുടെ എണ്ണം 68 ആയി. ഓഡിറ്റ് തീയതി വരെ ആകെ 67 പേർ വീട് പണി പൂർത്തികരിച്ചിട്ടുണ്ട്.

<u>രണ്ടാം ഘട്ട ചെലവ് വിവരം (2018-19) :</u>

പ്ലാൻ ഫണ്ട് : 4603700

ബ്ലോക്ക് ഫണ്ട് : 1667024

ജില്ലാ പഞ്ചായത്ത് ഫണ്ട് : 3131782

ഹഡ്കോ ലോൺ : 10777494

സ്റ്റേറ്റ് ഫണ്ട് : ഇല്ല

----------------------

ആകെ : 20180000

=============

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 തട്ടാറത്ത് പള്ളി-കട്ടോളി പാലം റോഡ് പരിഷ്കരണം രണ്ടാം ഘട്ടം-കരാറുകാരന് അധിക തുക നല്കി

1,00,000 രൂപ തനത് ഫണ്ട് വകയിരുത്തിയുള്ള പ്രൊജ. നം 224/19 പ്രകാരമുള്ള മേൽ പ്രവൃത്തിയുടെ എം.ബുക്ക് (നം. 260/18-19) പേജ് 10 പ്രകാരം ആകെ പ്രവൃത്തി മൂല്യം കണക്കാക്കിയത് 98,672 രൂപയാണ്. 1% ഐ.ടി, 1% നിർമ്മാണ തൊഴിലാളി ക്ഷേമനിധി - ആകെ 1974 രൂപ കഴിച്ച് 96,698 രൂപയാണ് കരാറുകാരന് നൽകേണ്ടത്. ബില്ലിൽ നിന്നും ഐ.ടി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നിവ 1000 രൂപ വീതം ആകെ 2000 രൂപ പിടിച്ച് രണ്ട് ബില്ലുകൾ പ്രകാരം ആകെ 97,946 രൂപയാണ് തനത് ഫണ്ടിൽ നിന്നും കരാറുകാരനായ ശ്രീ റഫീഖ്. കെ.പി ക്ക് നല്കിയത്. (ചെക്ക് നം.2723327/30.3.19 പ്രകാരം

88,567 രൂപ (90567 - 2000), ചെക്ക് നം. 86255/30.3.19 പ്രകാരം 9379 രൂപ) അധികമായി 1248 രൂപ (97946 - 96698) നല്കിയത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നല്കിയ തുക ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് തിരിച്ചീടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-2 ജലസേചനത്തിന് പമ്പ് സെറ്റ് മാനദണ്ഡപ്രകാരം അർഹതയില്ലാത്ത ഗുണഭോക്താവിന് പമ്പ് സെറ്റ് അനുവദിച്ചു

പ്രൊജക്ട് നമ്പർ - 7/18-19
നിർവഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

വകയിരുത്തിയ തുക - 60000

ചെലവുതുക - 60000 (ബിൽ നമ്പർ- 4/18-19 തി.24.9.18-44150

8/18-19 തി.12.11.18-5300

11/18-19 തി.27.11.18 -10550

മേൽ പ്രൊജക്ട് പ്രകാരം 11 ഗുണഭോക്താക്കൾക്ക് ജലസേചന പമ്പ് സെറ്റുകൾക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ട്. ആയതിൽ ഒരു ഗുണഭോക്താവായ ഹാസ്യ പുലക്കുന്നത്ത് (കുനിയിൽ) എന്നവർ അപേക്ഷയോടൊപ്പം ഹാജരാക്കിയ നികുതി ശീട്ട് പ്രകാരം ടിയാൾക്ക് 121/4 സർവെ നമ്പരിൽ പെട്ട 6.012 ആർ ഭൂമിയാണുള്ളത്. സ.ഉ.നമ്പർ 22/18/ത.സ്വ.ഭ.വ.തി 14.2.18 ഖണ്ഡിക 6.1.14 പ്രകാരം ജലസേചനത്തിന് പമ്പ് സെറ്റ് അനുവദിക്കുമ്പോൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ 20 സെന്റിൽ കൂടുതൽ ഭൂമിയുള്ളവർക്കാണ് അർഹതയുള്ളത്. എന്നാൽ ഹാജരാക്കിയ രേഖകൾ പ്രകാരം ടിയാൾക്ക് 14.84 സെന്റ് ഭൂമിയാണുള്ളത് (6.012X2.47).പമ്പ് സെറ്റിന് സബ്സിഡി ഇനത്തിൽ ഗുണഭോക്താവിന് 5550 രൂപ അനുവദിച്ചിട്ടുണ്ട്. സബ്സിഡി മാർഗരേഖ പ്രകാരം അർഹതയില്ലാത്ത ഗുണഭോക്താവിന് പമ്പ് സെറ്റ് സബ്സിഡി ഇനത്തിൽ അനുവദിച്ച തുക 5550 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക ഉത്തരവാദിയായ കൃഷി ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 പട്ടികജാതി വയോജനങ്ങൾക്ക് കട്ടിൽ- അർഹതയില്ലാത്തവർക്കും ആനുകൂല്യം വിതരണം ചെയ്തു.

പ്രൊജക്ട് നമ്പർ - 185/19

വകയിരുത്തിയ തുക - 52200

ചെലവുതുക - 52052 (ബിൽ നമ്പർ 6/18-19 തി18.1.19 -50000

ഓർഡർ നമ്പർ- 158/16.1.19 -2052

നിർവഹണം - അസിസ്റ്റന്റ് സെക്രട്ടറി

പട്ടികജാതിയിൽപ്പെട്ട വയോജനങ്ങൾക്ക് കട്ടിൽ നൽകുന്ന മേൽ പ്രൊജക്ട് പ്രകാരം 13 ഗുണഭോക്താക്കൾക്ക് ഫിഡ്കോ എന്റർ പ്രൈസസ് ഒളവണ്ണ എന്ന സ്ഥാപനത്തിൽ നിന്നും കട്ടിലുകൾ വാങ്ങിവിതരണം ചെയ്തിട്ടുണ്ട്. സ.ഉ.(എം.എസ്)നമ്പർ 22/18/ത.സ്വ.ഭ.വ. തി.14.2.18 ഖണ്ഡിക 7.1.13 പ്രകാരം 60 വയസ് കഴിഞ്ഞ വയോജനങ്ങൾക്കാണ് കട്ടിലുകൾ ലഭിക്കാൻ അർഹത. എന്നാൽ ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ 60 വയസ് പൂർത്തിയാകാത്ത 2 പേർക്ക് ആനുകൂല്യം അനുവദിച്ചതായി കാണുന്നു. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | റിമാർക്സ് |
|---|---|
| ചന്ദ്രി. പുതിയെടുത്ത്.<br>വാർഡ് -6 | 2161061259 നമ്പർ റേഷൻ കാർഡ് പ്രകാരം<br>45വയസ്. ആധാർ കാർഡ് പ്രകാരം ജനന വർഷം 1962 |
| വിമല കെ.പി,<br>വി.കെ ഹൗസ്.<br>ചാലപ്പുറം .വാർഡ്.6 | 2161061236 നമ്പർ റേഷൻ കാർഡ് പ്രകാരം വയസ്. 55<br>ആധാർ കാർഡ് പ്രകാരം ജനന വർഷം -1960 |

60 വയസ് പൂർത്തിയാകാത്ത ഗുണഭോക്താക്കൾക്ക് കട്ടിലുകൾ വിതരണം ചെയ്യാനുണ്ടായ കാരണം വിശദമാക്കിയിട്ടില്ല. അനർഹർക്ക് അനുവദിച്ച കട്ടിലിന്റെ വില ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. കട്ടിലിന്റെ വില 8,008/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 19.07.2019-20.07.2019 | കെ.എസ്.എ.കെ.കെ.ഡി/ഇ2/<br>887(63)/2019<br>തീയതി-2.08.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | 166/18-19. കിണർ റീ ചാർജിംഗ് | 101933 | 98067 |
| | 2018-19 | 125000 | 18/18-19 ഭിന്നശേഷി വിദ്യാർ ത്ഥികൾക്ക് സ്കോളർഷിപ്പ് | 125000 | 0 |
| | 2018-19 | 300000 | 28/18-19 ലൈഫ് ഭവനപദ്ധതി | 300000 | 0 |
| | 2018-19 | 360000 | 53/18-19 ക്ഷീര കർഷകർക്ക് മിൽക്ക് ഇൻസെന്റീവ് | 360000 | 0 |
| | 2018-19 | 75000 | 5/18-19 നെൽകൃഷി കൂലിച്ചെലവ് സബ്സിഡി | 75000 | 0 |
| | 2018-19 | 105000 | 4/18-19 പച്ചക്കറി കൂലിച്ചെലവ് സബ്സിഡി | 105000 | 0 |
| സെക്രട്ടറി | 2017-18 | 200000 | 166/18-19 | 101933 | 98067 |

| | | | | | |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | | | കിണർ റീചാർജിംഗ് | | |
| | 2017-18 | 31250 | 170/18-19 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 31250 | 0 |
| | 2018-19 | 1218806 | 28/18-19. ലൈഫ് ഭവനപദ്ധതി | 1218806 | |
| | 2018-19 | 50000 | 53/18-19. ക്ഷീര കർഷകർക്ക് മിൽക്ക് ഇൻസെന്റീവ് | 0 | 50000 |
| | 2018-19 | 120000 | 5/18-19 നെൽകൃഷി കൂലിച്ചെലവ് സബ്സിഡി | 120000 | 0 |
| | 2018-19 | 125000 | 51/18-19. മുട്ടഗ്രാമം വനിത | 125000 | 0 |
| | 2018-19 | 100000 | 18/18-19 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 100000 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 2018-19. വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 21801013/തി 16.01.2019 | 200000 | 200000 | 200000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1,07,77,494/-രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ലോൺ | ജി.ഒ(എം.എസ്) 479/2010 തി.11.02.2010 | 4300000 | 695000 | 695000 | | 0 |
| ലൈഫ് ഭവന പദ്ധതി വായ്പ | ജി.ഒ(എം.എസ്) 68/2018/ തസ്വഭവ തി.18.05.2018 | 10777494 | 10777494 | 0 | | 10777494 |

# 4-6 സ്ഥിര നിക്ഷേപം

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .**

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 10000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10000 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | നാദാപുരം സഹകരണ ആശുപത്രി നം-2470 | 09.02.1997 | | 10000 | ഷെയർ സർട്ടിഫിക്കറ്റ് നം-312 |
| ആകെ | | | | 10000 | |

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം 15,313/- രൂപ വരവുണ്ട്.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/തിയ്യതി |
|---|---|---|---|---|
| 2014-15 | 3-2,3-3 | 15313 | ശ്രീമതി.രശ്മി.എസ്.ആർ അസിസ്റ്റന്റ് എഞ്ചിനീയർ | 118010101267/ 12.07.2018 |

# 4-8 സമാഹ്യത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 22,23 | 2003-04 | 11.13.7.11<br>116 | നികുതി പിരിവിൽ അലംഭാവം | പരാമർശം നിലനില്ക്കുന്നു. |
| 2000-01 | 23,24 | 2003-04 | 11.13.7.11<br>116 | നികുതി പിരിവിൽ അലംഭാവം | പരാമർശം നിലനില്ക്കുന്നു. |
| 2000-01 | | 2004-05 | 11.13.7.11<br>38<br>116 | നികുതി പിരിവിൽ അലംഭാവം | പരാമർശം നിലനില്ക്കുന്നു. |
| | | 2015-16 (പ്രവർത്തന ക്ഷമത റിപ്പോർട്ട്) | 4.1.5<br>38 | നികുതി/ നികുതിയേതരം പൊരുത്ത പ്പെടാത്ത കണക്കുകൾ | പരാമർശം നിലനില്ക്കുന്നു. |
| 2001-02 | 2-1 | 2005-06 | 2.70.3.6<br>69 | ക്യാഷ് ബുക്ക്, വരവ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല | 2014-16(51) ഖ.5 പ്രകാരം ഒഴിവാക്കാൻ ശുപാർശ |
| 2001-02 | | 2005-06 | 2.70.1.14.5<br>80 | നികുതി പിരിവിൽ അലംഭാവം | 2014-16(51) ഖ.40 പ്രകാരം ഒഴിവാക്കാൻ ശുപാർശ |

| | | | | | |
|---|---|---|---|---|---|
| 2015-16 | 3-13 | 2016-17 | 6(എ)1.70 90 | ആശ്രയ വീടിന് സ്ഥലം | പരാമർശം നിലനില്ക്കുന്നു. |
| 2015-16 | 3-13 | 2016-17 | 6(എ) 2.4 91 | വീട് റിപ്പയർ | പരാമർശം നിലനില്ക്കുന്നു. |
| 2015-16 | 3-13 | 2016-17 | 6(എ).3.2 91 | കുടിവെള്ളം | പരാമർശം നിലനില്ക്കുന്നു. |
| 2014-15 | 2-2 | 2016-17 | അനുബന്ധം 4-188 | തൊഴിൽ നികുതി അപാകതകൾ | പരാമർശം നിലനില്ക്കുന്നു. |
| 2015-16 | 2-4 | 2016-17 | അനുബന്ധം 5.212 | തൊഴിൽ നികുതി അപാകതകൾ | പരാമർശം നിലനില്ക്കുന്നു. |

# 4-9 ചാർജ് /സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 6,77,19,807 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 6,47,38,901 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | | 14,806 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 21,86,305 |

(ബി). **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 1248 | ശ്രീ.രതീഷ് രവീന്ദ്രൻ<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 5550 | ശ്രീ.വി.കെ ഇബ്രായി<br>കൃഷി ഓഫീസർ |
| 3-3 | | 8008 | ശ്രീ.ആർ ഗോപിനാഥൻ<br>അസി.സെക്രട്ടറി |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 346200 | ശ്രീ. വി.കെ ഇബ്രായി, കൃഷി ഓഫീസർ |
| 1-18 | 661771 | ശ്രീ. വി.കെ ഇബ്രായി, കൃഷി ഓഫീസർ |
| 1-20 | 305000 | ശ്രീ.വി.കെ ഇബ്രായി, കൃഷി ഓഫീസർ |
| 1-21 | 99999 | ശ്രീ.അബ്ദുൾസലാം.എസ്<br>മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| 1-22 | 23787 | ശ്രീ.അബ്ദുൾസലാം.എസ്<br>മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| 1-23 | 500000 | ശ്രീ.സുശാന്ത് സി.കെ<br>മെഡിക്കൽ ഓഫീസർ, ആയുർവ്വേദം |
| 1-24 | 249548 | ശ്രീ. മുസ്തഫ ടി.പി<br>സെക്രട്ടറി |

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.രതീഷ് രവീന്ദ്രൻ<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ<br>പാംമ്പക്കുട ബ്ലോക്ക് പഞ്ചായത്ത് | ഇളവനാൽ<br>പുത്തൻപുരയിൽ<br>പാലക്കുഴ.പി.ഒ<br>കൂത്താട്ടുകുളം 686662 |
| ശ്രീ.വി.കെ.ഇബ്രായി<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ<br>തുണേരി കൃഷി ഭവൻ | കുമുള്ളുമ്മൽ,<br>നടുക്കണ്ടം,<br>പാതിരിപ്പറ്റ,<br>കക്കട്ടിൽ |
| ശ്രീ.ആർ.ഗോപിനാഥൻ<br>അസി.സെക്രട്ടറി | അസി.സെക്രട്ടറി<br>തുണേരി ഗ്രാമപഞ്ചായത്ത് | മധുരിമ,<br>പുന്നപ്ര നോർത്ത് പി.ഒ,<br>ആലപ്പുഴ |
| ശ്രീ.അബ്ദുൾസലാം.എസ്<br>മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി | മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി<br>തുണേരി ഗ്രാമപഞ്ചായത്ത് | തുണ്ടിയിൽ, എടച്ചേരി |
| ശ്രീ.സുശാന്ത് സി.കെ<br>മെഡിക്കൽ ഓഫീസർ,<br>ആയുർവ്വേദം | മെഡിക്കൽ ഓഫീസർ,<br>ഗവ.ആയുർവ്വേദ ഡിസ്പെൻസറി<br>ഏറാമല | പുതിയോട്ടിൽ, വടകര |
| ശ്രീ. മുസ്തഫ ടി.പി<br>സെക്രട്ടറി | സെക്രട്ടറി,<br>ചെക്യാട് ഗ്രാമപഞ്ചായത്ത് | തൌഫീഖ് പാർക്ക്,<br>മൊകേരി പി.ഒ, പാനൂർ |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1998-99 | എൽ.എഫ്.കെ.കെ.ഡി/എസ്3/1247/10 തീ.13/09/05 | 2 | 18,23 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി/എസ്3/701/03 തീ.13/09/05 | 14 | 25,26,28(3), 29,30,31,31 33,24,35, 36,37,39,40 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി/പി5/23/13 തീ.10/06/2013 | 12 | 7,8,910,11, 12,21-1എ, ബി, 3-3,3-4,3-5(1) |
| 2002-03 | എൽ.എഫ്.കെ.കെ.ഡി/പി5/23/13 തീ.10/06/2013 | 4 | 2-1,3-2,3-3, 3-4, |
| 2004-05 | എൽ.എഫ്.കെ.കെ.ഡി/പി5/23/13 തീ.10/06/2013 | 11 | 1-5,3-3,3-4, 3-5, 3-6, 3-7, 3-8,3-9, 3-11,3-12,3-13 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി/പി5/74/11 തീ.15/05/11 | 12 | 2-1,2-2,2-3, 3-1,3-2,3-3എ, 3-4,3-5ബി,3-6, 3-7,3-8,3-9 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി/പി5/74/11 തീ.15/05/11 | 11 | 2-1,2-4,2-5, 2-6,3-1,3-3എ, ബി, 3-4,3-6, 3-7, 3-8 |

| | | | |
|---|---|---|---|
| 2007-08 | എൽ.എഫ്.കെ.കെ.ഡി/പി5/1625/11 തീ.23/08/2011 | 28 | 1-2,2-1,2-2, 2-3(1,2),2-4, 2-6(2),2-7, 2-8, 3-1എ, 3-2 ബി,സി, ഡി,ഇ, 3-3 എ ബി സി, 3-4,3 (5,6,7, 8,9,10,11, 3-12(1,2,3, 4,5,6), 3-13,4-3, 4-5,4-7 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/പി11/951/14 തീ.10/10/14 | 2 | 3-6,3-12 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി/പി17/1782/18 തീ.6.10.17 | 14 | 2(1,2),3-1, 4,5,6,7, 8,10, 17,18,19,20,21 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി/പി17/51/18 തീ.16/03/18 | 19 | 2-1,3,4,5, 6,3-1,3,4, 5,6,7,8,9, 10,11(3),12, 14,15,17,20 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി/പി17 /1049/2019 തി.05/10/2019 | 11 | 1-12(10),2-3, 2-4(3),3-1(7), 3-2(1,2,4), 3-5, 3-9,3-13(2),4-5 |

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം,**
**കോഴിക്കോട്**

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം:കെ.എസ്.എ.കെ.കെ.ഡി.പി5/315/2020 തിയതി:16.03.2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും തുണേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ല ഓഡിറ്റ് കാര്യാലയം**
**കോഴിക്കോട്**